൧൪ ആവണി ൨	ടി സിന്നപ്പ൦	വാദി അഹമ്മതുപിള്ള മഹമ്മതു അത്തുൽക്കാതിര	൭൯൩	൩൨।—	പ്രതി പൈംകുളം അധികാരത്തിൽ പട്ടണത്തു പണ്ടാരംവിളയിൽ ചെറിയതു പണ്ടാരം മുതൽപെര
ടി കന്നി ൭൯	൧൦ സി ൪൪൨	വാദിവക്കീൽ രാമസുബ്ബയ്യൻ	൨൦൩	൭൩൧॥=	പ്രതി കണക്ക തിരുമുഖത്തു ചെമ്പകരാമൻ ശങ്കരനാരായണൻ മുതൽപെര
ടി ൨൭	൧൨ സി ൭൭൩൬	വാദിവക്കീൽ ശ്രീനിവാസയ്യങ്കാർ	൨൦൬		പ്രതി പെരുങ്കടവിള ദെശത്തു കല്ലറത്തല വീട്ടിൽ കണക്ക ചെമ്പകരാമൻ രാമൻ അരത്തനു
൧൪ കാൎത്തിക ൩	൧൭ സി ൭൦൭൦	൨ാം പ്രതി കണക്ക നാരായണൻ മാതെവൻ	൨൭൦	൩൩॥॥	വാദി നെയ്യാറങ്കര അധികാരത്തിൽ അരുമാനൂർ ദെശത്തു മഠത്തുവിളാകത്തു വീട്ടിൽ കാളിയമ്മ പാൎവ്വതിപ്പിള്ള മുതൽ പെര
ടി കന്നി ൨൧	൧൨ സി പൂ൨൯	വാദി മറ്യമ്മത്തു യൊയമ്മാറം	൨൦൧	൭൦॥॥	പ്രതി കന്നത്തുരധികാരത്തിൽ മെലങ്കലം ദെശത്തു വടക്കെവിളയിൽ യൊവാൻ ദാനിയൽ
ടി മാൎഗ്ഗഴി ൨൦	൧൨ സി ൭൭൦൩	വാദി വക്കീൽ രാമസുബ്ബയ്യൻ	൨൭൪	൩൭=	പ്രതി വിളവംകൊട അധികാരത്തിൽ വന്നിയൂർ ദെശത്തു പെരുമ്പിലാതൊട്ടത്തു വീട്ടിൽ ശംഖരൻ കാളി
ടി മകരം ൨൬	൧൩ സി ൩൩൪	൧ാം പ്രതി പരമീശ്വരൻപിള്ള	൨൨൦	൩൩।	വാദി കളിയൽ അധികാരത്തിൽ കടയൽ ദെശത്തു പ്ലാവിളാതൊട്ടത്തു വീട്ടിൽ മുത്തൻ അപ്പാവു
ടി മാശി ൩	൧൪ സ്സാം പൂ൩	൩ാം പ്രതി വാസുദെവൻ കെശവൻ	൨൨൨	൭പൂ॥॥	വാദി ഇടക്കൊട്ട ദെശത്തു തെങ്ങുവിളാകത്തു വീട്ടിൽ കുമാരൻ അരത്തൻ
ടി ൨൪	൩൯ സി ൪൨൭	ലെലക്കാറൻ മല്ലൻ കുമാരൻ	൨൨൪	൩൩॥॥=	പ്രതി കന്നത്തുകാലധികാരത്തിൽ കൊട്ടയ്ക്കൽ നെടുംതൊട്ടപുരയിടത്തിൽ വള്ളി പാൎവ്വതിയുടെ അവകാശി മല്ലൻ അയ്യപ്പൻ മുതൽപെര
ടി മീനം ൭൨	൧൩ സി ൭൪൬	൨ാം പ്രതി കണക്ക നാരായണൻ ശെഖരൻ	൨൩൮	൨പൂ॥	വാദി ഇടയാവണത്തു മഠത്തിൽ നാരായണരു കൃഷ്ണരു

[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
൧൯൪ [illegible] ൨൦	൧൨ സി ൩൦൭	വാദിയുടെ അവകാശിയുടെ [illegible]	൨൩൭	൪൭ =	പ്രതി [illegible] വീട്ടിൽ [illegible]
[illegible] ആനി ൻ	൧൯ [illegible] ൩൩൨	പ്രതി [illegible] ൻ [illegible] ൻ	൨൩൩	൩൭	വാദി വിളവംകൊണ്ട അധികാരത്തിൽ കവരത്തൂർ ദേശത്തു കഴക്കൂട്ടം ഗ്രാമത്തിൽ [illegible] വള്ളിഅമ്മാൾ
[illegible]	൧൨ സി ൩൦൯	വാദി വക്കീൽ താണാങ്ങാട്ടുൻ	൨൩൧	൩൩	പ്രതി [illegible] കൊണ്ടു വീട്ടിൽ [illegible] മുതൽപേർ
[illegible] ൧൦	൧൩ സി ൭൨൬൨	പ്രതി [illegible]	൨൩൯	൩൨	വാദി [illegible]
[illegible]	൧൨ സി ൫൯൨	വാദി വക്കീൽ [illegible]	൨൭൫	[illegible]	പ്രതി [illegible] മുതൽപേർ
[illegible]	൧൭ സി ൨൭൨	വെലക്കാരൻ [illegible] കൃഷ്ണപിള്ളൻ	൨൪൩	൭൦	പ്രതി [illegible]
[illegible]	൩൨ സി ൩൩൩	വെലക്കാരൻ വെലായുധൻ നാരായണൻ	൨൭൭	ൻ	പ്രതി വിളവംകൊണ്ട അധികാരത്തിൽ [illegible] ദേശത്തു [illegible] വീട്ടിൽ [illegible] മുതൽപേർ
[illegible] ൭൭	൧൪ സി [illegible]	വാദി വക്കീൽ കേശവപിള്ള	൨൭൨	൭൭൭	പ്രതി കളത്തൂരധികാരത്തിൽ കളത്തൂർ ദേശത്തു [illegible] പുതുക്കുന്നിൽ കൊച്ചൻ കേശവൻ മുതൽപേർ

ഹൈക്കോട്ടിൽനിന്നും പരസ്യംചെയ്യുന്നതെന്തെന്നാൽ

പറവൂർ ജില്ലാക്കോട്ടിൽ തീർപ്പുപ്രകാരവും മററും കക്ഷികളും മുതലായവർ കെട്ടിവച്ചിരിപ്പുള്ളതും ഒരു ത്രൈമാസം മേൽപ്പെട്ടതുമായ അനാമത്തു പണങ്ങളിൽ ആയതു കെട്ടിവച്ചുകൊണ്ട സംവത്സരത്തിനു മേലായിരിപ്പുള്ള വകകൾ ലിസ്തു എഴുതിച്ച ഇതിനു താഴെ ചേർത്തിരിക്കുന്നു

ലിസ്തിൽ പറയുന്ന പണങ്ങളെ വാങ്ങിക്കുന്നതിനു അവകാശമുള്ള കക്ഷികളോ അവരുടെ ന്യായമായ അവകാശികളോ ഗസററിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ മൂന്നു മാസത്തിനകം ആ കോട്ടിൽ അപേക്ഷിച്ചു പണം വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു

ആ അവധിക്കകം അപേക്ഷിക്കാതെ ഇരിപ്പുവരുന്ന പണങ്ങളെ സക്കാരിലേക്കു ചേക്കുന്നതാകുന്നു.

൧൦൭൯-മാണ്ടു
മകരമാസം ൨൩-നു

ഉത്തരവിൻപ്രകാരം,
പി. സി. വേലായുധം പിള്ള.
ഹൈക്കോട്ട രജിസ്ത്രാർ.

പണം മുതൽ വന്ന തീയതി	വ്യവഹാരത്തിന്റെ നമ്പർ	കെട്ടിവച്ച ആളിന്റെ പേർ	ഇരിപ്പു തുക			കോടതി	ഇന്നാൾക്കു കൊടുക്കേണ്ടതു	റിമാർക്ക
			പണം	ചക്രം	കാശു			
൭൮ മീനം ൧൭	൯ സീ ൨൪	പ്രതിവക്കീൽ എ കൃഷ്ണയ്യൻ	൧൯	൨	...	വിധികടം	വാദി ആലുവാ പ്രവൃത്തി തോട്ടുമുഖംകര വലിയ വീട്ടിൽ അഹമ്മത ചീതി വടിയിൽ അഹമ്മതുകുഞ്ഞു മീതിയൻ	...
൭൮ മിഥുനം ൨൫	൩൫ സീ ൩൫	ലേലക്കാരൻ വെണ്ടി പഴയന്നൂർ രാമയ്യൻ ആത്രൻ	൪ ൧	...	...	വിത്തുവല്ലി	വാദി മൂവാറ്റുപുഴ പേട്ടയിൽ പക്കീര കാളരെ ക്കാള	വാദിയും അവകാശക്കാരനും കൂടിബോധിപ്പിച്ച രാജി അനുസരിച്ചു വാദിക്കു കൊടുക്കേണ്ടതായി കാണുന്നു
൭൯ ആടി ൨൨	൭൮ സീ ൧൭	ആര്യൻ കാന്തു പിള്ള	൨	...	൭	വിത്തുവല്ലി	പ്രതികൾ ഏറ്റുമാനൂർ പ്രവൃത്തി രായമംഗലംകര കല്ലറക്കൽപുത്തൻ വീട്ടിൽ പൈലി കോരത് വടിയിൽ ഇരിക്കും അസ്സൂരനാട്ട പ്രവൃത്തി പരിയാരംകര എഴുരൊഗപ്പള്ളി വക്കി വൎക്കി	...
൩൪ വൃശ്ചികം ൨൧	൩൪ സീ ൭൪൪	ആത്രൻ പഴയന്നൂർ രാമയ്യൻ	൩൪	൧	൧൨	ഒഴുക്കലി	പ്രതി അയിരൂർ പ്രവൃത്തി മാഞ്ഞാലികര അയ്യമ്പാടം പറമ്പിൽ കുഞ്ഞാക്കൻ കൊച്ചാലി നായിനാർ പറിയാക്കുമത്തിൻപേർ വ്യ	പറവൂർ മുൻസീഫ്കോടതിയിൽ നിന്നും വന്നിട്ടുള്ള ഒരു അന്യായം ഫയലാക്കി ചെയ്തിട്ടുണ്ടു

Notices of escheat properties.

കരുനാഗപ്പള്ളി താലൂക്ക കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരുനാഗപ്പള്ളി പ്രവൃത്തിയിൽ പടനായരു കൊങ്ങംചെറിയിൽ കളീക്കൽ വീട്ടിൽ മാതെ വൻ കൊച്ചു കുഞ്ഞു കഴിഞ്ഞവൎഷം മിഥുന മാസം ൧൭നു മരിച്ചു വിചാരണ നടന്നതിൽ അവ കാശികൾ ഇല്ലെന്ന വെളിപ്പെട്ടിരിക്കുന്നതിനാൽ ടിയാൾക്ക ആരെങ്കിലും അവകാശികളായി ഉണ്ടെങ്കിൽ ഈ പരസ്യം ഗസറ്റിൽ ചെൎക്കുന്ന തീയതിമുതൽ ൩൦ ദിവസത്തിനകം ഈ ക ച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളണം അങ്ങനെ അവധിക്കകം ആരും ഹാജരായി ബൊധിപ്പിക്കാതെപോയാൽ അന്യംനിൽപ്പു സ്ഥിരപ്പെടുത്തുന്നതും അവധികഴിഞ്ഞു വരുന്ന അപെക്ഷകളെ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു എന്നു ഇതിനാൽ തെര്യപ്പെടുത്തുന്നു എന്നു ൧൦൮൭മാണ്ടു മകരമാസം ൨൨നു

തഹശീൽദാർ കെ അനന്തനാരായണയ്യൻ.

കരുനാഗപ്പള്ളി താലൂക്ക കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരുനാഗപ്പള്ളി പടനായരു കുളങ്ങര വടക്കുംമുറിയിൽ കൈപ്പള്ളി കിഴക്കെതിൽ കാളി നാരായണി ൧൦൮൬മാണ്ടു ചിങ്ങമാസം ൧൨നു മരിച്ചു അവകാശികൾ ഇല്ലാതെയിരുന്നതിനാൽ അതിലെക്ക വിചാരണ നടന്നു അവകാശികൾ ഇല്ലെന്നു വെളിവായിരിക്കുന്നതിനാൽ അവ കാശികളായി ആരെങ്കിലും ഉണ്ടെങ്കിൽ ഈ പരസ്യം ഗസററിൽ ചെൎക്കുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഈ കച്ചെരിയിൽ വന്നു ഹാജരായി ബൊധിപ്പിച്ചുകൊള്ളണം അവധിക്കകം ആരും ബൊധിപ്പിക്കാതെയിരുന്നാൽ അവകാശികൾ ഇല്ലെന്നു വിചാരിച്ചു തീൎച്ചചെയ്യുന്ന തിനു ഇടയുള്ളതും അവധികഴിഞ്ഞു ബൊധിപ്പിക്കുന്ന അപെക്ഷകളെ സ്വീകരിക്കുന്നതല്ലാ ത്തതും ആകുന്നു എന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്നു

൧൦൮൭മാണ്ടു മകരമാസം ൨൨നു തഹശീൽദാർ കെ, അനന്തനാരായണയ്യൻ.

കരുനാഗപ്പള്ളി താലൂക്ക കച്ചെരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരുനാഗപ്പള്ളി പ്രവൃത്തിയിൽ തൊഴിക്കൊട്ടു തെക്കുംമുറിയിൽ നെടുംപ്രത്തെതു വീ ട്ടിൽ കൊച്ചുപെരുമാൾ ശങ്കരൻ ൧൦൮൬ കൎക്കടകം ൩൨നു രാത്രിയിൽ മരിച്ചു അന്യംനിൽപ്പു വിചാരണ നടന്നതിൽ അവകാശികൾ ആരും ഇല്ലെന്നു വെളിപ്പെട്ടിരിക്കുന്നു ടിയാൾക്ക അവകാശി കളായി വല്ലവരും ഉണ്ടെങ്കിൽ ഈ പരസ്യം ഗസററിൽ ചെൎക്കുന്ന തീയതിമുതൽ ൩൦ ദിവസ ത്തിനകം ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളണം അങ്ങനെ ബൊധിപ്പിക്കാ തെയിരുന്നാൽ അവകാശികൾ ഇല്ലെന്നു വിചാരിച്ചു അന്യംനിൽപ്പു സ്ഥിരപ്പെടുത്തുന്നതും അവധികഴിഞ്ഞു വരുന്ന അപെക്ഷകളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്നു ഇതി നാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്നു ൧൦൮൭മാണ്ടു മകരമാസം ൨൨നു

തഹശീൽദാർ കെ, അനന്തനാരായണയ്യൻ.

Notice of unclaimed properties.

നമ്പർ ൧൭൩

തിരുവനന്തപുരം ൧൦൯ൺ ഫസ്റ്റ്ക്ലാസ്സ മജിസ്ത്രെറ്റകൊടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥന്റെ നിശ്ചയമില്ലാതെ പാളയത്തിൽ പള്ളിയുടെ മുൻവശം പബ്ലിക്ക റൊട്ടിൽ കിടന്നതായി ൧൦൮൭മാണ്ടു മകരമാസം ൧൦നു ഉള്ളൎഅധികാരത്തിൽ വച്ചലിച്ചതു മറിയി ൽ വാരമ്പുവീട്ടിൽ മാതെവൻ വെലായുധനാൽ കണ്ടെടുക്കപ്പെട്ടു കന്റൊൺമെൻറസ്റ്റെഷൻ ആഫീസരുടെ റിപ്പൊൎട്ടസഹിതം ഹാജരാക്കിയിരിക്കുന്ന വണ്ടിയുടെ ഇരുമ്പു ചവട്ടുപടി ഫ ഉടയക്കാരരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യത്തിലെ തീയതിമുതൽ ഒരു മാസ ത്തിനകം ഈ കൊടതിയിൽ ഹാജരായി ബൊധിപ്പിച്ചു തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ട താകുന്നു പരസ്യത്തിലെ അവധികഴിഞ്ഞാൽ മെറ്റ്ഹ ലെലത്തിൽ വിളിച്ചു ഈടാകുന്ന പണം സൎക്കാരിലെക്ക മുതൽ കൂട്ടുന്നതായിരിക്കും എന്നു ൧൦൮൭മാണ്ടു മകരമാസം ൨൦നു

ഫസ്റ്റ്ക്ലാസ്സ മജിസ്ത്രെറ്റ എസ്സ്. നാരായണയ്യൻ.

നമ്പർ ൧൩൪,

പറവൂർ ഫസ്റ്റ്ക്ലാസ്സ മജിസ്ത്രെറ്റ കൊടതിയിൽ നിന്നും ചെയ്യുന്ന പരസ്യം

ഉടമസ്ഥന്റെ നിശ്ചയമില്ലാതെ പറവൂർ താലൂക്ക വരാപ്പുഴ സ്ഥലത്തിന്റെ കിഴക്കുവശ ത്തുള്ള ചന്തയിൽ വച്ചു പറവൂർ ൩൭ാം നമ്പ്ര കാൺസ്റ്റെബിൾ നാരായണപിള്ളയ്ക്കു ൧൦൮൭ മകരം ൧൦നു രാത്രി ൧൧ മണിക്ക കിട്ടി ആയാളുടെ റിപ്പൊൎട്ടസഹിതം പറവൂർ സ്റ്റെഷ നിൽ ഹാജരാക്കിയിരിക്കുന്നതും ചുഴിക്കംചെയ്തതും ൧൦ കമ്പിയും ഉൾപ്പെടെ (II) ഓല കുട യും ഉള്ളതും ആയ ഒരു റാട്ടൎപ്രൂഫ് കുട കൊടതിയിൽ ഹാജരാക്കുകയാൽ പറവൂർസ്റ്റെഷനിൽ സൂക്ഷിപ്പിച്ചിരിക്കുന്നു.

ഇതിലെക്ക ഉടമസ്ഥരായി ആരെങ്കിലും ഉണ്ടെങ്കിൽ ഈ പരസ്യം ഗസററിൽ പ്രസിദ്ധ പ്പെടുത്തുന്നതുമുതൽ ൩൦ ദിവസത്തിനകം ഹാജരായി മെറ്റ്ഹ തെളിവുകൊടുത്തു വാങ്ങിക്കൊള്ളാ ത്തപക്ഷം അവധികഴിഞ്ഞാൽ ഉടനെ മെറ്റ്ഹ ലെലംചെയ്തു മുതൽ കൂട്ടുന്നതായിരിക്കും എന്നു

൧൦൮൭ മകരം ൧൫നു ഫസ്റ്റ്ക്ലാസ്സ മജിസ്ത്രെറ്റ സി, രാമരത്നമയ്യർ.

നമ്പർ ൰൭.

പറവൂര രണ്ടാം ക്ലാസു മജിസ്ത്രെട്ട കൊടതിയിൽ നിന്നും ചെയ്യുന്ന പരസ്യം

ഉടമസ്ഥന്റെ നിശ്ചയമില്ലാതെ കഴിഞ്ഞ ധനുമാസം ൨൦൹ രാത്രി പറവൂര തൊട്ടംമുഖം ചവുക്കക്കടവിൽ ഒഴുകിവന്നതും ഉദ്ദെശം മുക്കാൽ പഴക്കവും കെട്ടുപാട്ടും ൧ ദീളവും ൧ വണ്ണവും ഉരുമ്പു തറയും അഞ്ചു പടിയും ഉള്ളതും മൂന്നുരൂപാ വിലമതിക്കുന്നതുമായ ഒരു മാവും വഞ്ചം തൊട്ടംമുഖം അമിനാദാരു കണ്ടുപിടിച്ചതിനെ ഹാജരാക്കി പറവൂര പ്രിവെന്റിവ് ഇൻസ്പെക്ടർ എഴുതി അയച്ചിരിക്കുന്നതിനാൽ ടി മുതൽ പറവൂര സ്റ്റെഷനിൽ സൂക്ഷിപ്പിച്ചിരിക്കുന്നു.

ഇതിലെക്ക ഉടമസ്ഥന്മാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ൩൦ ദിവസത്തിനകം ഈ കൊട്ടമമ്പാകെ ഹാജരായി തെളിവുകൊടുത്തു വാങ്ങിക്കൊള്ളാത്തപക്ഷം മുറക്കു ലെലത്തിൽ വിൽപ്പിച്ചു മുതൽ കൂട്ടുന്നതായിരിക്കും എന്ന

൧൦൭൯ാമാണ്ട മകരമാസം ൨൨൹

രണ്ടാം ക്ലാസു മജിസ്ത്രെട്ട പി. രാജരത്നനായക്കർ.

Notice regarding the destruction of useless records

ഉപയൊഗമില്ലാത്ത റിക്കാർട്ടുകൾ നശിപ്പിക്കുന്ന വകക്കുള്ള നൊട്ടീസു

൧൦൬൭ാമാണ്ടത്തെ ൩ാം റിഗ്യുലെഷനിലെയും അതനുസരിച്ച ൧൦൬൭ാമാണ്ട ആടിമാസം ൧൭൹ കല്പനപ്രകാരം ഹൈക്കൊടതിയിൽ നിന്നും ഏൎപ്പെടുത്തിട്ടുള്ള റൂൾസ്സിലെയും നിബന്ധനകളിൻപ്രകാരം ചിറയിൻകീഴ മുൻസിഫ് കൊടതിയിലെ വക താഴെ വിവരിക്കുന്ന റിക്കാർട്ടുകളെ നശിപ്പിക്കുന്നതിനു തിരിഞ്ഞു എടുക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു ജനസമുദായത്തിന്റെ അറിവിലെക്കായി ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു ഈ പ്രമാണങ്ങളും മററ അസൽ ആധാരങ്ങളും ഒഴിച്ച ഈ നൊട്ടീസിനെ ഗവർൺമെന്റ ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മററ റിക്കാർട്ടുകളെ ആറുമാസത്തിനകം നശിപ്പിക്കുന്നതാകകൊണ്ട ആ വക റിക്കാർട്ടുകളുടെ പകൎപ്പു കിട്ടണമെന്ന അപെക്ഷയുള്ളവര മെൽപ്പറഞ്ഞ അവധിക്കകം അതിലെക്ക അപെക്ഷിച്ചു കൊള്ളെണ്ടതാകുന്നു.

ആണ്ട	രജിസ്ത്രരിലുള്ള കെസുകളുടെ നമ്പരുകൾ	നശിപ്പിക്കുന്നതിനു തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാർട്ടുകളുടെ വിവരം	റിമാർക്കുകൾ
൧൦൬൭ൽ സിവിൽ	൧ മുതൽ ൩൩൯ വരെയും ൩൪൦ മുതൽ ൭൭ വരെയും ൭൯ മുതൽ ൬൦ വരെയും	റൂൾസ്സിൽ ൫ാം പാരായിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൻപ്രകാരം സൂക്ഷിച്ചിട്ടാവശ്യമില്ലാത്തതായ അന്യായങ്ങൾ പത്രികകൾ മൊഴികൾ മുതലായ പലവക റിക്കാർട്ടുകൾ	വിട്ടുപൊയിരിക്കുന്ന നമ്പരുകൾ അന്യ കൊടതികൾക്ക അയക്കയൊ വാദികൾക്ക തിരിച്ചു കൊടുക്കയൊ മററൊ ചെയ്യപ്പെട്ട റിക്കാർട്ടുകൾ ആകുന്നു
൧൦൬൮ൽ സിവിൽ	൧ മുതൽ ൭൯ വരെയും ൭൯ മുതൽ ൨൪൩ വരെയും ൨൪൯ മുതൽ ൨൯൦ വരെയും ൨൯൨ മുതൽ ൭൭൯ വരെയും ൭൯൦ മുതൽ ൯൭൧ വരെയും ൯൭൩ മുതൽ ൯൭൯ വരെയും		

൧൦൭൯ാമാണ്ട മകരമാസം ൨൨൹

മുൻസിഫ്ഫ കെ. നാരായണൻതമ്പി.

സർക്കാർ ജീവനത്തിന ഉറപ്പാക്കിട്ടുള്ള ജാമ്യവസ്തുവിന്റെ വിവരം

ജീവനക്കാരന്റെ വീട്ടുപേരും പേരും	ഇന്നജീവനത്തിനെന്ന	ജാമ്യക്കാരന്റെപേര	ജാമ്യവസ്തുവിന്റെ							നിലം			ജാമ്യസംഖ്യ പണം	സ്ഥിരപ്പെട്ടതിൽ ഉണ്ടായ ഹജൂർ സാധനത്തിലെ നമ്പർ മുതലായതു
			പ്രവൃത്തി	മുറി	ഏലാ	ഇനം	ലക്കം	പേര	തടി	പറ	ഇടങ്ങഴി	പുരയിടത്തിന്റെ ഉള്ളും		
കന്നത്തുര താലൂക്ക ഏനാദിമംഗലം പ്രവൃത്തിയിൽ പാർവ്വത്യം പത്മനാഭപിള്ളയായ കൊട്ടാരക്കര പ്രവൃത്തിയിൽ പടിഞ്ഞാററുംകര പൊങ്ങലിൽ വീടക്കുടി മേനാമി തലവ തകരയക്കാട്ട വിട്ടകാറനായ ടി പ്രവൃത്തിയിൽ നെ വന്നൂര മുറിയിൽ കിഴക്കെ പുണ്ടാരഴികത്തു വീട്ടിൽ കാളി പത്മനാഭൻ	പാർവ്വത്യം മുതലായ ചുമതലയുള്ള സർക്കാർ ജീവനത്തിന	ടി കാളി പത്മനാഭൻ അനുജൻ ടിയിൽ കാളി കൃഷ്ണൻ കാരണവൻ ടിയിൽ കാളി കെശവൻ	കൊട്ടാരക്കര താലൂക്ക കൊട്ടാരക്കര പ്രവൃത്തി	നീലെശ്വരം	താഴെ മൊട്ടംപ്രം ഇടതൊട്ടിനും തെക്ക	കാലാവക തനതു	൧ മുതൽ ൧൩ വരെ	...	൧൩	൨൨	൩	...	ജാമ്യസംഖ്യ പണം (൭൦൦൦) ഏഴായിരം	നമ്പ്ര ൯൩൦൨ ാമത് ൧൦൭൦ ൩മാണ്ട തൈമാസം ൨൩നു
			ടി	ടി	ടിയിൽഇടതൊട്ടിന വടക്ക	ടി	൧ മുതൽ ൪ വരെ	...	൪	൭	...	...		
			ടി	ടി	ടി	ടി	൭	...	൧	൩	...	...		
			ടി	ടി	ഇടക്കഴാഏലാ	കാലാവകമെററി	൩	...	൧	൩	...	...		
			ടി	ടി	ടി	പണ്ടാരവക മെററി	൪	...	൧	൨	...	...		
			ടി	ചാന്നൂര	കഴക്കാട്ട	പനയംവക തനതു	൧ മുതൽ ൧൧ വരെ	...	൧൧	൬	൬॥	...		
			ടി	ടി	ടി	ടി	൧൩ മുതൽ ൧൫ വരെ	...	൩	൩	...	...		
			ആകെ	...	...	...	...	...	൩൪	൪൬	൯॥	...		

ഉത്തരവിൻപ്രകാരം വലിയ മേലെഴുത്തു കണക്ക സുബ്രഹ്മണ്യൻ മത്തുക്കറപ്പൻ.

Notice of auction sale of certain articles.

മാവെലിക്കര താലൂക്കകച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവെലിക്കര കൃഷ്ണസ്വാമിക്ഷെത്രത്തിലെ പടിഞ്ഞാറെ ഉണ്ടപുര വീണുപൊയിട്ടുള്ളതിന്റെ പഴയ ഉരുപ്പടികൾ ഈ വരുന്ന കുംഭമാസം ൨൮൹ പകൽ ഒരു മണിമുതൽ ൪ മണി വരെ ആ ക്ഷെത്രത്തിൽവച്ചു ലെലത്തിൽ വില്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ അപെക്ഷയുള്ളവർ ഹാജരായി ഏല്പെട്ടുകൊള്ളാവുന്നതും ലെലം സ്ഥിരപ്പെടുത്തിക്കുടയൊടും ലെലതുക ഉടനെ കെട്ടിവച്ചു സാമാനം കൊണ്ടുപൊയി കൊള്ളെണ്ടതുമാകുന്നു എന്നു

൧൦൭൯ മകരം ൨൦൹

തഹശീൽദാർ ഇ. പത്മനാഭപിള്ള.

സാമാനവിവരം

ആഞ്ഞിലിമരത്തിൽ
൧൭അര നീളം ഉത്തരം ൨ ൦
൯ നീളം ൨ ൦
൭മുക്കാൽ നീളം ൩ ൦
൧൪നീളം ൧ ൦
൧൨അര നീളം ൪ ൦
൨ നീളം ൩ ൦
൭ നീളം ൨ ൦
൧൦ നീളം ൧ ൦
ആകെ മറിഞ്ഞിട്ടുള്ള ഉത്തരം എണ്ണം ൧൭കു
വിറകുവില പണം ൧൭ ൦
൧൯അടി നീളം കഴുക്കൊൽ
കഴുക്കൊൽ ൨൪ ൦
൧൬അടി നീളം ൧ ൦
൧൭അടി നീളം ൧ ൦
൧൨അടി നീളം ൭ ൦
൭അടി നീളം ൬ ൦
൧൬അടി നീളം ൨ ൦
൧൪അടി നീളം ൧൯ ൦
൯അടി നീളം ൧൧ ൦
൬അടി നീളം ൭ ൦
൫അടി നീളം ൭ ൦
ആകെ മറിഞ്ഞതും കീറിയും കിടക്കുന്ന കഴുക്കൊൽ ൭൬കു
വിറകു വില പണം ൨൧കാലും
൭നീളം മൊന്തായം ൧ ൦
൧൧നീളം ൧ ൦
൯നീളം ൧ ൦
൫നീളം ൩ ൦
൭നീളം ൧ ൦
൧൨നീളം ൧ ൦
൧൦നീളം ൧ ൦
ആകെ എണ്ണം ൯കു പണം ൨കാലും
൭൦അടി നീളം അവസാനം ൬കു വിറകുവിലപണം മുക്കാലും
൭നീളം സഞ്ചാരപടി ൧കു പണം അരയും
൭നീളം പതിപ്പ ൨ ൦
൧൦നീളം ൧ ൦
൬നീളം ൨ ൦ ൧൧നീളം ൨ ൦
ആകെ എണ്ണം ൭കു പണം ൧മുക്കാലും

൭നീളം തൃക്കകാൽ ൨൦കു പണം ൨അര
൬നീളം അടശ്ശുപലക ൩കുപണം മുക്കാലും
൬നീളം ചുററുത്തരം ൩കു പണം ।= ൦
൬നീളം കതകുപലക ൪കു പണം ൪ ൦
൨നീളം പാതകട്ടിളക്കാൽ ൩കു പണം ॥। ൦
൪നീളം വാതതിരി ൧കു പണം കാലും
൧।അടി നീളം കൊണ്ടുതിരി ൩കു പണം= ൦
൪അടി നീളം ജന്നൽകട്ടിളക്കാൽ ൪കു പണം അരയും
൩ അടി നീളം അഴിമറി ൭കു പണം ॥ ൦
൬൨അടി നീളം വാവടമറി ൭കു പണം ॥ ൦
൭നീളം മുകപ്പലക ൧കു പണം = ൦
൩൭അടി നീളം തൂവാന പലക ൩കു പണം മണ്ടാണിയും
൩അടി നീളം അഴിക്കാൽ ൧൬കു പണം ഒന്ന
൧൬൦ അടി നീളം അഴിക്കാൽ ൧൬കു പണം ഒന്നു
൧൨നീളം ബന്ധം ൩൦കു പണം അരയും
൬൭അടി നീളം ചുററുത്തരം ൨൯കു പണം അരയും
൧൨൦അടി നീളം കഴുക്കൊൽ ൩൨കു പണം ഒന്നു
൩നീളം മൊന്തായംമറി ൨കു പണം =.॥ ൦
൬അടി നീളം പതിപ്പുമറി ൨കു പണം । ൦
൬ അടി നീളം അടശ്ശുചട്ടം ൧കു പണം ॥ ൦
൩൭൬അടി നീളം വളമറി ൧൪൩കു പണം ഒന്നെകാലും
൧൩൦അടി നീളം കഴുക്കൊൽമറി ൪൩കു പണം ൨അരയും
൩൦അടി നീളം ഉത്തരമറി ൧൬കു പണം ൨അരയും
ഒടിഞ്ഞും മുറിഞ്ഞും ഉപയൊഗമില്ലാതെ കിടക്കുന്ന പട്ടിക വളമറി അഴി മുതലായതിനു പണം ൩ ൦
൭। ൦ ൪॥। ൦ അടിനീളത്തിൽ കട്ടിളക്കാൽ ൩കു പണം ൨അരയും
൬॥। ൦ ൧ ൦ അടി നീളത്തിൽ കൊണ്ടുതിരു പാൽതിരി ഉരുവ ൨കു പണം ൧ ൦

നമ്പർ ൨൭൭.

പറവൂർ താലൂക്കകച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു

ടി താലൂക്കിൽ ചേന്ന കണ്ണൻകുളങ്ങര ക്ഷേത്രത്തിന്റെ പടിഞ്ഞാറവശം ഉള്ള കളപ്പുര പൊളിച്ചുവകയിലുള്ളതും താഴെ വിവരം പറയുന്നതുമായ സാമാനങ്ങൾ ടി വരുന്ന കുംഭമാസം ൭ നു പകൽ ൧൦ മണി മുതൽ ൪ മണി വരെ ടി കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ളവർ ഹാജരായി വിളികേൾക്കാവുന്നതാകുന്നു.

കൂടുതലായി വിളികേൾക്കുന്നവരിടെ മേൽ ലേലം സ്ഥിരപ്പെടുത്തി കുടംപൊൾ മുന്നിലൊരു ഭാഗം പണം ഡെമണിയായി ഉടനെയും ശേഷം സംഖ്യ എഴുതി ബോധിപ്പിച്ചു ഉത്തരവു വന്ന വിവരം തെര്യപ്പെടുത്തുമ്പോഴും കെട്ടിവെക്കേണ്ടതാകുന്നു.

അങ്ങിനെ പണം കെട്ടിവെക്കാതെ ഇരുന്നു ആവത്തിച്ചു ലേലത്തിനു ഇടയാക്കിയാൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും രണ്ടാമതു ലേലത്തിൽ കൂടുതൽ വന്നാൽ അതിലേക്കു ആദ്യലേലക്കാരനു അവകാശമില്ലാത്തതും ആകുന്നു

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സക്കാരിലെ യുക്തംപോലെയായിരിക്കയും ചെയ്യും എന്നു

൧൦൭൯-ാമാണ്ടു മകരമാസം ൭നു-

തഹശീൽദാർ സി, രാജരത്നമയ്യര.

ഉരുപ്പടി വിവരം

എണ്ണം	നീളം	വീതി	കനം	പെരുക്കം	ഉരുപ്പടിവിവരം
൧	൪॥	൩	൧	൩൭	ജനായൽ കട്ടിള
൪	൪॥	൩	൧	൪൮	കമ്പടി
൧	൬॥	൩	൧	൬൩	ജനായൽകട്ടിള
൪	൪॥	൩	൧	൪൮	കമ്പടി
൪	൭॥	൩	൩	൬൭	ഉത്തരം
൩	൩॥	൩	൩	൪൮൯	കരിയഉത്തരം
൪	൨।	൩	൩	൭൦॥	കട്ടിക്കാൽ
൪	।=	൮	൩	൯	കൊഞ്ഞതിരി
൪	൪॥	൮	൪॥	൨൪	ചോറ്റുപടി
൪	൩।	൧൮	൧	൪൫	വലിയ കട്ടിളയുടെ ക്രാസുപലക
൪	൨॥	൭	൩	൭൨	കരിയ ഉത്തരം
൪	൨॥	൩	൪॥	൧൧॥	കട്ടിളക്കാൽ
൪	।	൭	൧	൧	കൊഞ്ഞതിരി
൪	൭॥	൭	൩	൫൮	ഒരാന്ത്യം
൪	൧।	൧	൩	൧൭	ടി
൪	൪॥	൩	൧	൪൮	ചോറ്റുപടി
൪	൪=	൩	൪॥	൪൦=	കമ്പടി
൪	൪।	൩	൪॥	൪൪	മേൽക്കഴുക്കോൽ
൪	൪॥	൩	൪॥	൪൩	ടി
൧	൪=	൭	൪॥	൪൧॥	വാളുബന്ധം
൪	൧॥	൩	൪॥	൧൭॥	കഴുക്കോൽ
൪	൧।	൩	൪॥	൪൦=	കട്ടിള
൪	൪=	൧	൪॥	൩൧=	കമ്പടി
൪	൧॥	൩	൪॥	൧൧॥	കഴുക്കോൽ
൩	൬	൩	൪॥	൮൪	ടി
൭	൧।	൩	൪॥	൮൪	ടി
൪	൧॥	൭	൪॥	൩൬।=	ടി
൪	൩।	൩	൪॥	൧൬।	ടി
൩	൩॥	൭	൪॥	൪൪൦।	ടി
൪	൭।	൭	൪॥	൭൨॥=	ടി
൪	൪॥	൩	൪॥	൭॥=	ജനായൽപടി

എണ്ണം	നീളം	വീതി	കനം	പെരുക്കം	ഉരുപ്പടി വിവരം
൪	൪।	൩	൪॥	൪൪।	ജനായൽപടി
൧	൪=	൭	൪॥	൪൩॥	മുക്കുകാൽ
൪	൩	൩	൪॥	൪൩॥	പള്ളിഉത്തരം
൪	൭	൩	൪॥	൧൧।	ടി
൪	൪॥	൩	൪॥	൩॥	ടി
൪	൪।	൩	൪॥	൭॥=	ടി
൪	൪॥	൩	൪॥	൭॥	ടി
൪	൪	൩	൪॥	൭॥	ടി
൪	൩	൭	൩	൩൭	ഉത്തരം
൪	൩।	൩	൪॥	൪൭॥=	പള്ളിഉത്തരം
൪	൧	൩	൪॥	൬	ടി
൪	൩	൩	൪॥	൪൧॥	ടി
൪	൧	൩	൪॥	൫	ടി
൧	൧	൩	൧	൧൭	ജനായൽപടി
൪	൪	൩	൧	൭	ടി
൪	൪॥	൩	൪॥	൪൭॥	ക്രാസുപലക
൪	൪।	൪।	॥	॥.॥	ടി
൪	൪	൪॥	൪	൪॥	മതിയൻ
൪	॥	൭	൪	൧	പൊതിക
൪	൩।	൭	൪॥	൭൩॥=	ഉത്തരം
൭	൩॥	൩	൪।	൧൦൧॥	കഴുക്കോൽ
൪	൭॥	൩	൪॥	൭൦॥	ടി
൩	൪	൪॥	൪॥	൩॥	വാമട
൩	൪	൪॥	൪॥	൪൭॥	ടി
൧	൧।	൩	൩	൪൩॥	ഞൺ
൪൦	൪।=	൪॥	൪॥	൩൦൮॥	ജനായൽ അഴി
൪	൩	൭	൩	൬൭	കരിയഉത്തരം
൧൬൩					

ആകെ ൭൦൭ കാലേമുക്കാണി അരമാകാണിക്കു കണ്ടി ഉന്നര ചെത്രകം ൪൨ കാലേമുന്തിരി അരമാകാണി

അമ്പലപ്പുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ പൊൻ പള്ളിക്കൂടത്തിനു തെക്ക വശം ഉള്ള കണ്ടുകൃഷി മെട എന്ന പഴയ കെട്ടിടം ഉപയോഗത്തിനു കൊള്ളാതെ ഇരിക്കുന്നതു ലേലത്തിൽ വിൽപ്പിക്കുന്നതിനു ഉത്തരവുണ്ടായതനുസരിച്ചു മീനമാസം ൨൩-നു സ്ഥലത്തു വച്ചു ഠം കച്ചേരിയിൽ നിന്നും ലേലം വിളിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിളി കേൾക്കുന്നതിനു മനസ്സുള്ള ആളുകൾ അവധി ദിവസം ഹാജരായി വിളി കേൾക്കാവുന്നതും കൂടുതൽ തുകക്കു ഏല്പ്പിടുന്ന ആളിനു സ്ഥിരപ്പെടുത്തികൊടുക്കുന്നതും ആകുന്നു സ്ഥിരപ്പെടുത്തിയ ഉടനെ ലേലത്തുകയിൽ നാലിൽ ഒന്നു ഡിമാണി ഒടുക്കേണ്ടതും ശേഷം തുക ഉത്തരവു വന്നു തെയ്യപ്പെടുത്തുന്നതുപോലെ ഒടുക്കുവാനുള്ളതും പണം മുഴുവനും കെട്ടിവച്ചാൽ ഒരു വാരത്തിനകം കെട്ടിടത്തെ ലേലക്കാരൻ പൊളിപ്പിച്ചു കൊണ്ടുപൊകേണ്ടതും ആകുന്നു ഇങ്ങനെ അല്ലാതെ സ്ഥിരപ്പെടുത്തിയതിൽ പിന്നെ ഏതെങ്കിലും കാരണവശാൽ ലേലക്കാരനു പിൻമാറുന്നതായാൽ ആവൎത്തിച്ചു ലേലം വിളിപ്പിക്കുന്നതും അതിൽ വച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ആണ് ഠം കെട്ടിടം ൨൪ കോൽ ചുററിൽ ആഞ്ഞിലി മുതലായ തടികളാൽ ഉത്തരവും കഴുക്കോൽ മുതലായതും നാലു വശവും കൽ ഭിത്തിയും നടുക്കു മുറി തിരിക്കുന്നതിനു നിരയുമായി പണിചെയ്യിച്ചിട്ടുള്ളതാണ് എന്നു ൧൦൭൯ മകരം ൨൮-

തഹശീൽദാർ കെ. ശങ്കരനാരായണയ്യൻ.

കരുനാഗപ്പള്ളി താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരുനാഗപ്പള്ളി പ്രവൃത്തിക്കച്ചേരിക്കു ഉപയോഗപ്പെടുത്തി വന്നതും മരുതൂർകുളങ്ങര തെക്കും മുറിയിൽ കററമ്പലത്തു പുരയിടത്തിൽ ൧൫ മുക്കാൽ കോൽ നീളം ൫ മുക്കാലെ അരക്കാൽ കോൽ വീതിയും ഒരു അറയും ഒരു മുറിയും ഒരു തളവും ആയും മരക്കഴുക്കോലും ഓലമേച്ചിലും കീഴ് കൂട്ടു നിരയും അറയ്ക്കും മേലും കീഴും തട്ടും ആയിട്ടും നില്ക്കുന്നതും ആയ കെട്ടിടം സ്ഥലത്തു വച്ചു വരുന്ന കുംഭമാസം ൨൦-നു നില്ക്കും നിലയിൽ ലേലത്തിൽ വിൽപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ലേലത്തിൽ വിളികേൾപ്പാൻ മനസ്സുള്ള ആളുകൾ അന്നെ ദിവസം ഹാജരായി കൂടുതൽ തുകയ്ക്കു ലേലത്തിൽ വിളികേൾക്കാവുന്നതും സ്ഥിരപ്പെട്ട ഉടനെ നാലിലൊന്നു ഡിമാണി കെട്ടിവെപ്പാനുള്ളതും എഴുതി ബോധിപ്പിച്ചു ഉത്തരവുണ്ടാകുന്നതു പോലെ ബാക്കി പണം കൂടി കെട്ടി വച്ചു കെട്ടിടം പൊളിച്ചു കൊണ്ടു പൊകേണ്ടതും ആദ്യ ലേലക്കാരൻ പണം കെട്ടി വൈക്കാത്തതിൽ വച്ചു ആവൎത്തിച്ചു ലേലം വിളിക്കുന്നതായാൽ മുൻ ലേലത്തിൽ കുറവു വരുന്ന പക്ഷം ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും കൂടുതൽ വരുന്നതായാൽ ആദ്യലേലക്കാരനു അവകാശമില്ലാത്തതും ആകുന്നു എന്നു ൧൦൭൯-മാണ്ടു മകരമാസം ൨൭-നു

തഹശീൽദാർ കെ. അനന്തനാരായണയ്യൻ.

കാൎത്തികപ്പള്ളി താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഠം താലൂക്കിൽ എഴുതി തീരുവയുള്ള നങ്ങ്യാർകുളങ്ങര ക്ഷേത്രം വക കൊട്ടാരം ഇരിക്കുന്ന പുരയിടത്തിൽ നില്ക്കുന്ന കെട്ടിടം പഴക്കത്താൽ ജീൎണ്ണപ്പെട്ടു നില്ക്കുന്നതായും പുരയിടത്തെയും കെട്ടിടത്തെയും സംബന്ധിച്ചു പാലക്കീഴ് ഗോവിന്ദൻ ഗോവിന്ദൻ നമ്പൂരി കൊല്ലം ജില്ലാകോട്ടിൽ വ്യവഹാരപ്പെട്ടതിനു കെട്ടിടം സൎക്കാർ വക എന്നു സ്ഥാപിച്ചു വിധി ഉണ്ടായിട്ടുണ്ടെന്നും പുരയിടത്തെപ്പററി സൎക്കാരിൽ നിന്നും അപ്പീൽ കൊടുത്തിട്ടുള്ള പ്രകാരം അറിയുന്നു എന്നും ഏതായാലും കെട്ടിടം നിന്നു ചെതത്തിനു ഇടയാകാതെ ലേലം വിളിപ്പിച്ചു പണം ഈടാക്കി സിവിൽ നമ്പരിന്റെ തീൎച്ച വരെ അനാമത്തു വയ്ക്കുന്നതു കൊള്ളാമെന്നും എഴുതി ബോധിപ്പിച്ചു എഴുതി അയച്ചിരുന്നതിനു കെട്ടിടം വിൽപ്പിക്കുന്നതിനു വില വച്ചു കണക്കയപ്പാനും മററും മരാമത്തു വക ൧൦൭൮-ാമതു നമ്പരിൽ ൧൦൭൮ കൎക്കടകം ൨൭- എഴുതിയ സാധനത്തെപ്പററി ഉത്തരവും ഇതെ സംബന്ധിച്ചു സൎക്കാരിൽ നിന്നും കൊടുത്ത അപ്പീൽ അനുവദിച്ചു വാദിയുടെ അന്യായത്തെ ചിലവു കൂടാതെ തള്ളി വിധി ഉണ്ടായിട്ടുള്ള പ്രകാരം ഹെഡ് സൎക്കാർ വക്കീൽ ആഫീസിൽ നിന്നും യാദാസ്തും വന്നിരിക്കുന്നതിനാൽ അടിയിൽ വിവരം പറയുന്ന കെട്ടിടം മുതലായതു ഈ വരുന്ന കുംഭമാസം ൧൦-നു സ്ഥലത്തു വച്ചു ലേലം ചെയ്യാൻ

നിശ്ചയിച്ചിരിക്കുന്നു മനസ്സുള്ളവർ ഹാജരായി വിളിക്കൊള്ളേണ്ടതും സ്ഥിരപ്പെടുത്തിയ ഉടനെ പണം കെട്ടിവെയ്ക്കേണ്ടതും അങ്ങനെ പണം ഒടുക്കാതെ ആവൎത്തിച്ചു ലേലത്തിനൊ മറ്റൊ ഇടയായാൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതാണ് എന്നു ൧൦൫൪ മാണ്ടു മകരമാസം ൫൹

തഹശീൽദാർ നാരായണപിള്ള.

കെട്ടിടത്തിന്റെ വിവരം

൨൯ കൊൽ വൃ കണക്കിൽ പടിഞ്ഞാറോട്ടായും കൂടി കെട്ടായിട്ടും ആഞ്ഞിലി തേക്ക പിലാവു തെങ്ങു ഇതുകൾ കൊണ്ടു പണിയിച്ചിട്ടുള്ളതും പഴക്കം ചെന്നതും ആയ പുരക്കു വില — പണം ൧൦൫

ടി പുരയിടെ വടക്കെ അറാം മുറിയിൽ ഇരിപ്പു പത്തായം ൧ക്കു വില — പണം ൩൯ അര

തെക്കെ അററം മുറിയിൽ ഇരിപ്പു പത്തായം ൧ക്കു വില — പണം ൨൫

കല്ലു മുന്നൂററുക്കു വില — പണം ൧൨

ആകെ — പണം ൧൮൫ അരയ്ക്കാ.

൫൬൨

செங்கோட்டை தாலூக்கு கச்சேரியில் நின்றும் பரசியம் செய்யுகிறது என்னென்றால்

குளத்தூப்பிழ சவுக்க வக ஒரு கதகு லேலத்தில் விற்பிக்குகிறது பரசியம் தயாருக்கி அயக்கணமென்றும் மற்றும் $\frac{\text{காசக}}{\text{கசு}}$ ம் நம்பரில் தஹசீல்தார் எழுதிய உத்தரவு வந்திருக்குந்நு

ஈ கதகு பல சாதியும் கஜு கோல நீளவும் அர ரூபா விலயும் ஆகயால் அதினெ கும்பம் ௨௬ கசப்பா மணியக்காறர் மூலம் ௨௩௨ ஈ கச்சேரியில் வச்சும் லேலத்தில் விக்கான் நிச்சயிச்சிரிக்குந்நு அபேக்ஷயுள்ளவர் லேல ஸமயம் விளிகேள்க்காவுந்நதும் ஸ்திரப்படும்போள் லேலத்துக ஒடுக்கேண்டதுமாகுந்நு என்று

௧௦௫௪ மகரம் ௧௨

தஹசீல்தார் கிருஷ்ணய்யங்கார்.

NOTICE

Is hereby given to the heirs and legal representatives of Andrew Joseph who was working as a contractor in the High Range Sub-Division of the Muvattupuzha Division, and who is reported to have died, that a sum of Rs. (44-22-1) forty-four Chuckrams twenty-two and cash one is due to the contractor, and is held in deposit. They are required to submit their claim in person or by a duly authorised agent, before the Division Officer, Muvattupuzha, within 3 months from the date of publication of this notice in the Government Gazette, failing which the money will be credited to Government.

2. The application should be accompanied by a decree or order of a Civil Court recognising the heirship of the claimants to the deceased, or certificates of heirship which will be accepted only if they are satisfactory.

C. A. SMITH,
Chief Engineer.

പരസ്യം.

മൂവാററുപുഴ ഡിവിഷനിൽ ചെന്ന ഹൈറെഞ്ചു സബ്ബ ഡിവിഷനിൽ കൺട്രാക്ട് വേല ചെയ്തുവന്ന മരിച്ചുപോയ ആൻഡ്രു ജോസെപ്പിന്റെ അവകാശികളെയും ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയും തെര്യപ്പെടുത്തുന്നതു എന്തെന്നാൽ

ചെല്ലറക്കെ ആൻഡ്രു ജോസെപ്പിനു രൂപാ (൪൪---൨൨---൧) നാല്പത്തിനാലു ചക്രം ഇരുപത്തിരണ്ടു കാശു ഒന്നു ചെല്ലുവാനുള്ളതു അനാമത്തായി വച്ചിരിക്കുന്നു. ഈ പണത്തിനു അവക്കുള്ള അവകാശത്തിനെപ്പററി അവർ തന്നെ നേരിട്ടോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാര്യസ്ഥൻ മൂലമൊ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ മൂന്നു മാസത്തിനകം മൂവാററുപുഴ ഡിവിഷനാപ്പീസരുടെ മുമ്പാകെ ബോധിപ്പിക്കേണ്ടതാകുന്നു.

അതിന്മണ്ണം ചെയ്യാതിരുന്നാൽ അവധികഴിഞ്ഞ ഉടൻ സക്കാരിലെക്ക മുതൽക്കൂട്ടുന്നതാകുന്നു.

൨. അവകാശ അപേക്ഷയോടുകൂടി അവകാശപ്പെടുന്നവൻ മരിച്ചുപോയ ആൻഡ്രു ജോസെപ്പിന്റെ അവകാശിയാണെന്നു സമ്മതിക്കുന്നതായ ഒരു സിവിൽ കോട്ടിലെ ഡിക്രിയൊ ഉത്തരവൊ അല്ലാത്തപക്ഷം ഒരു അവകാശ സട്ടിഫിക്കെററൊ ഹാജരാക്കേണ്ടതും ആ വക സട്ടിഫിക്കെററ തൃപ്തികരമായിരുന്നാൽ മാത്രം അംഗീകരിക്കപ്പെടുന്നതുമാകുന്നു.

സി. എ. സ്മിത്ത്,
ചീഫ് ഇഞ്ചിനീയർ.

NOTICE.

Notice is hereby given to the heirs and legal representatives of V. Ramanatha Aiyar, English Compositor, Travancore Government Press, who is reported to have died on the 16th Kartigay, 1079, to submit to the Secretary, State Life Insurance Committee, in person or by a duly authorised agent their claim to the bonus secured by his Policy No. 495 dated 11th October 1901, on or before the 10th Medom 1079 / 22nd April 1904.

2. As to the nature of the proof required to prove the claim, the claimants are referred to the rules published in pages 1046, 1047, and 1048 of the Travancore Government Gazette dated 9th Kanny 1077 and in page 424 of the Travancore Government Gazette dated 27th Edavom 1078.

State Life Insurance Office,
Camp, Attungal, 22nd January 1904.

K. VENKATA RAU,
Secretary.

പരസ്യം.

തിരുവിതാംകൂർ ഗവർമ്മെന്റു അച്ചുക്കൂടം ഇംഗ്ലീഷ് കമ്പോസിറ്റർ വി. രാമനാഥയ്യൻ ൧൦൭൯-ാമാണ്ട് കാർത്തികമാസം ൧൬-ാംനു മരിച്ചുപോയിരിക്കുന്നതായി അറിവുകിട്ടിയിരിക്കുന്നതിനാൽ ടിയാന്റെ ൧൯൦൧-ാം വർഷം ഒക്ടോബർമാസം ൧൧-ാംനു-യിലെ ൪൯൫-ാം നമ്പർ ഉടമ്പടിയിന്മേൽ ചെല്ലുവാനുള്ള ഗുണഫലങ്ങൾക്കു ടിയാന്റെ അവകാശികളോ ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളുകളോ ഉള്ള അവകാശത്തെ അവർ തന്നെ നേരിട്ടോ ക്ര

പ്രകാരം അധികാരപ്പെടുത്തപ്പെട്ട കാര്യസ്ഥൻ മുഖാന്തിരം ൧൦൭൯-ാമാണ്ട മേടമാസം ൧൦-ാംക ൧൮൦൪-ാമാണ്ട ഏപ്രിൽമാസം ൨൨-യിലൊ അതിനു മുമ്പൊ സൎക്കാർവക രക്ഷാഭോഗ കമ്മിററി സിക്രട്ടെരി ആഫീസുമുഖാന്തിരം ബോധിപ്പിച്ചുകൊള്ളേണ്ടതാണെന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

അപേക്ഷക്കാർ അവകാശത്തെ ഉന്നയിക്കേണ്ടതു തെളിയിക്കേണമെന്നുള്ളതിനെക്കുറിച്ച ൧൦൭൭-ാമാണ്ട കന്നിമാസം ൯-യിലെ തിരുവിതാംകൂർ സൎക്കാർ ഗസെററിൽ ൧൦൪൭ ൧൦൪൮ ൧൦൪൯ വശങ്ങളിലും ൧൦൭൮-ാമാണ്ട ഇടവമാസം ൨൭-യിലെ തിരുവിതാംകൂർ ഗസെററിൽ ൭൨-ാം വശത്തിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളെ നോക്കികൊള്ളേണ്ടതാകുന്നു.

സൎക്കാർരക്ഷാഭോഗ ആഫീസ
ആററങ്ങൽ സൎവ്വെ
൧൮൦൪ ജനുവരി ൨൨

കെ. വെങ്കിട്ടരാവു,
കമ്മിററി സിക്രട്ടെരി.

Notice.

It is hereby notified for the information of all concerned that no cattle will hereafter be allowed to graze in the area known as the Quilon Cantonment without the payment of a fee as shown in the sub-joined schedule, and that trespassers will be prosecuted.

Division Cutcherry,
Quilon, 30th January, 1904.

T. RAJARAM ROW,
Dewan Peishcar.

Serial No.	Description of animal.	Rate of fee per head per month.	Remarks.
1.	Full grown cow or bull.	2 Chuckrams.	A fee of one Chuckram is levied for the issue of a ticket when an animal is first registered.
2.	Calf.	1 do.	
3.	Goat or sheep.	do.	

കൊല്ലം ഡിവിഷൻ കച്ചെരിയിൽ നിന്നും
പരസ്യംചെയ്യുന്നതു എന്തെന്നാൽ

കൊല്ലം കന്റോൺമെൻറിൽ ഉൾപ്പെട്ട സ്ഥലത്തു താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ പറയുന്ന പീസു ഒടുക്കിയല്ലാതെ യാതൊരു കന്നുകാലികളെയും തീററുന്നതിനു അനുവദിക്കുന്നതല്ലാത്തതും അങ്ങനെ പീസു ഒടുക്കാതെ ആരെങ്കിലും കന്നുകാലികളെ തീററിക്കുന്നതായാൽ അവരെ പ്രാസിക്യൂട്ടു ചെയ്യുന്നതും ആകയാൽ വിവരം എല്ലാവരും അറിവാനുള്ളതാകുന്നു.
എന്നു ൧൦൭൯ മകരം ൧൭-

ദിവാൻപെഷ്കാർ രാജാരാമരായര.

നമ്പർ	ജന്തു വിവരം	മാസം ഒന്നുക്കുള്ള പീസു ചക്രം	റിമാൎക്ക
൧	പ്രായം തികഞ്ഞ പശു അല്ലെങ്കിൽ കാള	൨	ഓരൊ ജന്തുവിനെയും തീററിക്കായി ആദ്യം രജിസ്റ്റർ ചെയ്യുന്ന സമയം ഒരു ചക്രം വീതം പീസു കൊടുക്കണം.
൨	കിടാവു	൧	
൩	ആടു	൧	

കൊല്ലം ഡിവിഷൻകച്ചേരിയിൽ നിന്നും ൧൦൬൯ാമാണ്ടത്തെ ൩ാം റെഗുലെഷൻ ൩ാം വകുപ്പും പ്രകാരം ചെയ്യുന്ന പരസ്യം

മെയിൻ സെൻട്രൽ റോട്ടിൽ ൭൭ാമതു കുററിക്കു സമീപം നിന്നും കല്ലുപ്പാറയ്ക്കുള്ള റോട്ടിലെ പാലത്തിനു അപ്രൊച്ചു കെട്ടുന്ന വകക്കു താഴെ പട്ടികയിൽ പറയുന്ന വസ്തു ഗവർൺമെൻറിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

ആ വസ്തുവിന്മെൽ ഉള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തരമൊ സകല തെളിവുകളൊടു കൂടി പരസ്യം പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ൧൫ ദിവസത്തിനകം നമ്മുടെ മുമ്പാകെ ഹാജരായി കാര്യവിവര പത്രിക ബൊധിപ്പിച്ചു കൊള്ളണം.

ആ പത്രികയിൽ ഓരോരുത്തൎക്കും ഒരു വസ്തുവിന്മെൽ ഉള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധം ബാദ്ധ്യതകൾക്കു വെണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിൻെറയും വിവരങ്ങളെയും പ്രതിഫലത്തുകയെയും വിവരിച്ചിരിക്കെണ്ടതാകുന്നു.

പരസ്യത്തിലെ അവധി കഴിഞ്ഞ ഉടനെ സ്ഥലം സൎക്കാരിലെക്കു കൈവശപ്പെടുത്തുന്നതാണ എന്നു

൧൦൭൯ാമാണ്ടു മകരമാസം ൨൦നു-

ദിവാൻപെഷ്കാർ രാജാരാമരായര.

മെയിൻ സെൻട്രൽ റോട്ടിൽ ൭൭ാമതു കുററിയിൽ നിന്നും കല്ലുപ്പാറക്കുള്ളറോട്ടിൽ ഉള്ള പാലത്തിൻെറ അപ്രൊച്ചിനു എടുക്കെണ്ട വസ്തുവിവരം.

വസ്തു കിടക്കുന്ന താലൂക്കു പ്രവൃത്തി മുറി	പെരിൽ കിടപ്പുകാരൻെറ പെരു	അനുഭവക്കാരൻെറ പെരു	എടുക്കെണ്ട വസ്തുവിൻെറ			എടുക്കെണ്ട അളവു വിവരം
			ഇനം	ലക്കം	സർവെ നമ്പർ	
തിരുവല്ലാ താലൂക്കു കവിയൂർ പ്രവൃത്തി വള്ളംകുളം കിഴക്കു മുറി	തട്ടിശ്ശെരിൽ കൃഷ്ണൻ രാമൻ മുതൽ പെരു	കന്നിത്തറയിൽ വറീതു നയിനാ	പുതുവൽ പാട്ടം	...	൩൯൭ / ൧	പ്ലാവു നിൽക്കുന്ന തെക്കെ മുറി പുരയിടത്തിൻെറയും ചക്കൊല്ലം പറത്തു പുരയിടത്തിൻെറയും പടിഞ്ഞാറു അററത്തു ൩൮ പെരുക്കം സ്ഥലം
	കന്നത്തെട്ടു കൃഷ്ണൻ രാമൻ	മഴക്കീറ മുറിയിൽ വെന്നു വെള്ളിയത്തു കൃഷ്ണൻ നീലകണ്ഠൻ	കൈതള്ളാൽ ൨൦൦ വക	൧൮ ം ൧൯ ം ൨൧ മുതൽ ൨൭ വരെയും	൩൧൭ / ൧൨	തൊട്ടപ്പിഴ പുഞ്ച ൧൨ പറയിൽ നിന്നും ൩൫ പെരുക്കം
	കരിപ്പവെലിൽ ചാണ്ടപ്പിള്ള തൊമ്മൻ	പ്ലാശ്ശെരിൽ ചാണ്ടപ്പിള്ള കീ വറീതു	വഞ്ഞിപ്പുഴ വക കാണപ്പാട്ടം	൧൧ മുതൽ ൧൭ വരെ	൩൧൭ / ൮	തൊട്ടപ്പിഴ പുഞ്ച ൧൧ മുതൽ ൧൭ വരെ ൧൫ പറ നിലത്തിൽ നിന്നും ൭൦ പെരുക്കം

വസ്തു കിടക്കുന്ന താലൂക്ക പകുതി മുറി	പെരിൽ കിടപ്പുകാരന്റെ പെര	അനുഭവക്കാരന്റെ പെര	എടുക്കേണ്ട വസ്തുവിന്റെ			എടുക്കേണ്ട അളവു വിവരം
			ഇനം	ലക്കം	സർവ്വെ നമ്പർ	
തിരുവല്ലാ താലൂക്ക കവിയൂർ പകുതി വള്ളംകുളം കിഴക്കു മുറി	കണ്ടത്തിൽതയ്യനൊട്ട പ്രൊത്തു മാത്തുള പൊതത	നെടുമ്പ്രത്തു മാത്തുള	പണ്ടാര വക പുതുവൽ പാട്ടം	...	൫൬൭/൨	പൊയ്യവാലു പുരയിടത്തിലും കന്നംപറമ്പു പുരയിടത്തിലും നിന്നു ൩൭॥ പെരുക്കം
	തടിയ്യേരിൽ ഇരവി ഉണ്ടാൻ	കല്ലത്തറ വറീതു പൊതത	ടി	...	൪൬൭/൩	ഇട്ടംമരത്തു മുട്ടിൽ പുരയിടത്തു നിന്നും ൪൩ പെരുക്കം
	തടിയ്യേരിൽ ഇരവി ഉണ്ടാൻ	കൊച്ചീക്കാ മറിയിൽ കെശവൻ	പുതുവൽ പാട്ടം	...	൪൬൭/൩	ഇട്ടമരത്തു മുട്ടിൽ പുരയിടത്തിൽ നിന്നും ൪൫ പെരുക്കം
	മഴക്കിര മറിയിൽ വെന്നു വച്ചിയത്തു കൃഷ്ണൻ നീലകണ്ഠൻ	വള്ളംകുളം കിഴക്ക മുട്ടയക്കന്നത്തു താമസിക്കുന്ന കൃഷ്ണൻ നീലകണ്ഠൻ	ടി	...	൪൬൭/൭	വാലു പുരയിടത്തിൽ നിന്നും ൪൨ പെരുക്കം
	കരിപ്പുവെലിൽ ചാണ്ടപ്പിള്ള തൊമ്മൻ	കരിപ്പുവെലിൽ കരിയൻ അയിപ്പ	കന്നത്തു കൈതളാരു വക കാണപ്പാട്ടം	൪൬ മുതൽ ൪൩ വരെ	൪൬൩/൪	തൊട്ടപ്പുഴ പുഞ്ച ൩ പറ നിലത്തിൽ നിന്നും ൪൨ പെരുക്കം
	കഴുത്തുവെലിൽ ഇരവി അയ്യപ്പൻ	തെങ്ങും തൊട്ടത്തിൽ ലക്ഷ്മികുഞ്ഞി	കൈതാളൽ വക കാണപ്പാട്ടം	൨൨ മുതൽ ൩൫ വരെ	൪൬൩/൭	തൊട്ടപ്പുഴ പുഞ്ച ൨൦ പറ നിലത്തിൽ നിന്നും ൨൭ പെരുക്കം
	കന്നംതൊട്ട രാമൻ നാരായണൻ	കന്നത്തൊട്ട നാരായണൻ കൃഷ്ണൻ	പുതുവൽ പാട്ടം	...	൪൬൭/൩	കൊച്ചു പറമ്പു പുരയിടത്തിലും പനച്ചമൂട്ടു പുരയിടത്തിലും നിന്നു ൩൦ പെരുക്കം

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും ൧൦൭൭-ലെ ൩-ാം റെഗുലേഷൻ ൬-ാം വകുപ്പുപ്രകാരം
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. നാട്ടകത്തു കോട്ടയം കിഴക്കേക്കര വെച്ചു സ്റ്റേഷൻ പണിക്കു ഉപയോഗമായി താഴെ പട്ടികയിൽ പറയുന്ന ഭൂമിയെ ഗവർമ്മെന്റിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

൨. ആ ഭൂമിയിന്മേലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെയും ബാദ്ധ്യതയുടെ സ്വഭാവത്തെയും അങ്ങിനെ അവകാശവും ബാദ്ധ്യതയും ഉള്ള ആളുകൾ താൻ തന്നെയോ കാര്യസ്ഥൻ മുഖാന്തരമോ വിചാരണ ദിവസം നമ്മുടെ മുൻപാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

൩. ഈ അപേക്ഷയിൽ ഓരോരുത്തർക്കും കിട്ടേണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റെ വിവരങ്ങളും പ്രതിഫലസംഖ്യയും വ്യക്തമായി നിർണ്ണയിച്ചിരിക്കേണ്ടതാകുന്നു.

൧൦൭൯-ാമാണ്ടു മകരമാസം ൨൨-നു

ആർ. ദിവാൻ പേഷ്കാർ പത്മനാഭൻ ശങ്കരൻ.

വസ്തുവിവരം.

നമ്പർ	വസ്തു കിടക്കുന്ന			വസ്തുവിന്റെ പേര	എടുക്കുന്ന സ്ഥലത്തിന്റെ			പേരിൽ പതിവുകാരന്റെ പേര	എടുക്കപ്പെടുന്ന വസ്തുവിൽ ബാദ്ധ്യതയുള്ള ആളുകളുടെ പേരും ബാദ്ധ്യതയുടെ സ്വഭാവവും	വിചാരണ ദിവസം
	താലൂക്ക	പ്രവൃത്തി	മുറി		ഇനം	ലക്കം	സെന്റ്			
൧	കോട്ടയം	പാണ്ടാമ്പാടി	മറ്റത്തിൽഭാഗം	വാട്ടപ്പറത്തു പുരയിടം	കുടിപ്പുഞ്ചി തനതു	൩൩	൧൨	കൊച്ചിയിൽ ജൂതൻ കാക്കിരി ലെവി കാക്കി മുതലിയാർ പേരിൽ പതിവു	മറ്റത്തിൽഭാഗം കരിയിൽ [illegible] ശങ്കരൻ [illegible]	൭൯ കുംഭം ൧-നു

തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽ നിന്നും ൧൦൩൭-മാണ്ടത്തെ ൩-ാം റെഗുലെഷൻ ൩-ാം വകുപ്പുപ്രകാരം പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കല്ലാലക്കടവു മുതൽ കരമനയാറുവരെ ഒരു തോടു വെട്ടുന്നതിലേക്കു താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളെ ഗവർമ്മേൻറിൽ നിന്നും കൈവശപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ആ വസ്തുക്കളിന്മേലുള്ള എല്ലാ ബാധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിൻെറ അവകാശങ്ങളെ ബാധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തിരമൊ ഈ പരസ്യം പ്രസിദ്ധപ്പെടുത്തിയ ദിവസം കഴിയുന്നതു മുതൽ ഒരു മാസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളണം.

ആ അപേക്ഷയിൽ ഓരോരുത്തർക്കും വസ്തുക്കളിന്മേലുള്ള ബാധ്യതയുടെ സ്വഭാവത്തെയും ആ വിധ ബാധ്യതകൾക്കു വേണ്ട പ്രതിഫലത്തിനുള്ള അവരവരുടെ അവകാശത്തിൻെറ വിവരങ്ങളെയും പ്രതിഫല തുകയെയും വിവരിച്ചിരിക്കേണ്ടതാകുന്നു എന്നു

൧൦൯൦-മാണ്ടു മകരമാസം ൧൭-നു

ദിവാൻപേഷ്ക്കാർ അയ്യപ്പൻ കേശവൻ.

വസ്തു വിവരം.

പഴയ നമ്പർ	അധികാരം	പകുതി	വസ്തുവിൻെറ സർവെ നമ്പർ	ഇനം	ലക്കവും പേരും	ഏറ്റെടുക്കേണ്ട വസ്തുവിൻെറ വിസ്തീർണ്ണം	പേരിൽ പതിവുകാരൻെറ പേരു	അനുഭവക്കാരൻെറ പേരു
൧൦൯൯ ൧	പാൽക്കുളങ്ങര	പാൽക്കുളങ്ങര	൧൭൭൭	പണ്ടാരവക പാട്ടം	൧൩ൽ വെട്ടിത്തിരുത്തു പുരയിടം	൨൫൩	വലിയമാതതാണൻ തൊപ്പുവിട്ടിൽ ലക്ഷ്മിപ്പിള്ള ഗൌരിപ്പിള്ള ഗൌരിപ്പിള്ള ലക്ഷ്മിപ്പിള്ള	ശ്രീവരാഹത്തു പനയറവീട്ടിൽ തിരുത ഗൌരിപ്പിള്ള
൨			൧൭൭൮	ടി	൧൩ൽ മടമ്പു പുരയിടം	൭൦൧	പെരുന്താന്നിയിൽ ഈഞ്ചക്കൽ വീട്ടിൽ കുഞ്ഞൻ കേശവൻ	വള്ളക്കടവിൽ നമ്പിനാമഠവിളാകം പുരയിടത്തിൽ മയിൽപ്പിള്ള ആറുമുഖം മയിൽപ്പിള്ള ഇവരായിരിപ്പിള്ള
൩			൧൭൭൯	ശ്രീപണ്ടാരപ്പാട്ടം	൧൩ൽ കന്നമ്പള്ളി നിലം	൧൦൩	ടി	ഈഞ്ചക്കൽ വീട്ടിൽ കുഞ്ഞൻ കേശവൻ

പട്ടയ നമ്പർ	അധികാരം	പകുതി	സർവ്വെ നമ്പർ	ഇനം	ലക്കവും പേരും	ഏകദേശ [illegible]	പേരിൽ പതിവുകാരന്റെ പേര്	അനുഭവക്കാരന്റെ പേര്
൧൦			൧൭൩൦ ൽ ഏ ലററർ	ക്ലാവക്കാരമഠം വക ദാനം	൧൪ ത കന്നമ്പള്ളി നിലം നികത്തിയ പുരയിടം	൪൦	പേരറ്റാണിയിൽ മനക്കൽ വീട്ടിൽ മരിച്ചുപോയ മാതേവി ലക്ഷ്മിയുടെ അനന്തരാവകാശി നീലകണ്ഠൻ പത്മനാഭൻ	വള്ളക്കടവിൽ നയിനാർ വിളാകം പുരയിടത്തിൽ മയ്തീൻപിള്ള ആശാൻ മയ്തീൻപിള്ള ഇബ്രാഹിംപിള്ള
൧൧			൧൭൩൨ ൽ ബി ലററർ	ശ്രീപണ്ടാരപ്പാട്ടം	൧൭ ൽ ടി	൪൧	ടി	ടി
൧൨			൧൭൩൦ ൽ ഏ ലററർ	ക്ലാവക്കാരമഠം വക ഒററി	൧൨ ം ൧൩ ം ലക്കങ്ങളിൽ കൊണ്ട നിലം	൨൭൬।–	വള്ളാമല തൈവിളാകത്തു വീട്ടിൽ മരിച്ചുപോയ കൃഷ്ണൻ കൃഷ്ണന്റെ അനന്തരാവകാശി ശങ്കരിപ്പിള്ള ഗൌരിപ്പിള്ള കാർത്ത്യായനിപ്പിള്ള ഗൌരിപ്പിള്ള കല്യാണിപ്പിള്ള	തോപ്പ് പുരയിടത്തിൽ ഒരംശം മാടത്താണൻ വേലായുധൻ മാംകുഴി പുരയിടത്തിൽ ഒരംശം കട്ടി നീലകണ്ഠൻ
൧൩	പാറശ്ശാല	പാറശ്ശാല	൧൭൧൩	നെയ്യശ്ശേരി മഠം വക ഒററി	കരയടി നിലത്തിൽ നിന്നും	൨൧	ടി തിരുത്ത ഗൌരിപ്പിള്ള	മാംകുഴി പുരയിടത്തിൽ ഒരംശം കട്ടി നീലകണ്ഠൻ
൧൪			൧൭൨൯	ക്ലാവക്കാരമഠം വക ഒററി	൧൦ ം ൧൧ ം ലക്കങ്ങളിൽ നിന്നും മുൻ എടുത്തതു നീക്കി	൪൦।	കൊട്ടയ്ക്കകത്തു കല്യമ്പള്ളി വീട്ടിൽ മരിച്ചുപോയ കണക്കു തമ്പി ചെമ്പകരാമൻ നാരായണന്റെ അനന്തരാവകാശി കണക്കു തമ്പി ചെമ്പകരാമൻ വേലായുധൻ	വള്ളക്കടവിൽ തൈവിളാകം പുരയിടത്തിൽ പാത്തുമ്മാൾ മത്തുമ്മാൾ
൧൫			൧൭൨൩	പണ്ടാരപ്പാട്ടം	൭ ൽ ചെറിയ നാല്പറ നിലത്തിൽ നിന്നും	൧൨൦।।।	വള്ളാമല കാവുവിളാകത്തു വീട്ടിൽ [illegible]	ചാന്നാർ വീട്ടിൽ തിരുത്ത ഗൌരിപ്പിള്ള ടി ഗൌരിപ്പിള്ള കണ്ണത്തിപ്പിള്ള തൊപ്പുകുഴി പുരയിടത്തിൽ [illegible]പിള്ള [illegible]പിള്ള വെ[illegible] അയ്യൻ [illegible]

പഴയ നമ്പർ	അധികാരം	പകുതി	സർവെ നമ്പർ	ഇനം	ലക്കവും പേരും	വിസ്തീർണ്ണം	പേരിൽ പതിവുകാരന്റെ പേര്	അനുഭവക്കാരന്റെ പേര്
൧൩	പാൽക്കുളങ്ങര	പാൽക്കുളങ്ങര	൧൭൪൧ ൧൭൪൨ ൧൭൪൩ ൧൭൪൦	പണ്ടാരപ്പാട്ടം	൩, ൪, ൫, ൧൦ ലക്കങ്ങളിൽ	൧൫൭	ഇരവിപെരൂർ ഏറമല പുത്തൻ വീട്ടിൽ കണക്കു അയ്യപ്പൻ വേലായുധൻ ജാനകിപ്പിള്ള നാരായണിപ്പിള്ള ചെറിയമ്മ ജാനകിപ്പിള്ള ഗൗരിപ്പിള്ള ലക്ഷ്മി	പെരുന്താന്നിയിൽ മണക്കാട്ടു പുരയിടത്തിൽ ചക്കി പഞ്ചമി കളത്തൂർ തെറിപ്പ കഴിവിളാകം പുരയിടത്തിൽ ചക്കി പാപ്പി മട്ടത്തറ തൈവിളാകം പുരയിടത്തിൽ ചക്കി മാളി
൧൪			൧൭൬൯	പണ്ടാരവക പാട്ടം	൨ ൽ മാണി പുരയിടത്തിൽ നിന്നും	൩൨	വയ്യാമൂല തൈവിളാകത്തു വീട്ടിൽ മരിച്ചുപോയ കണക്ക കൃഷ്ണൻ കൃഷ്ണന്റെ അവകാശി ഗൗരിപ്പിള്ള ലക്ഷ്മിപ്പിള്ള	വിളത്തിവിളാകത്തുമുറിയിൽ ഗതാപ്പുപുരയിടത്തിൽ ഈഴം മാതാണ്ടൻ വേലായുധൻ
൧൫			൨൬൩൯	ടി	പുതുവൽ തട്ട പുരയിടത്തിൽ നിന്നും	൧൦൯॥	മട്ടത്തറമുറിയിൽ പരക്കേറിവിളാകം പുരയിടത്തിൽ നാച്ചി ഉമ്മിണി മരിച്ചുപോയി അവകാശി ഉമ്മിണി കാളി ഉമ്മിണി അനന്തൻ ഉമ്മിണി കൊച്ചുപെണ്ണു	പട്ടയക്കാരന്റെ അവകാശിയും
൧൬	നെല്ലിമൂടൻ	മട്ടത്തറ	൨൬൯൪	ടി	പുതുവൽ പുരയിടത്തിൽ നിന്നും	൩൪൩॥=	അയണിമുട്ടപുരയിടത്തിൽ ഈഴം കാളിയമ്പി പല്ലൻ കാളിയമ്പി ഉമ്മിണി	പട്ടയക്കാർ
൨൦			൨൪൦൧	പണ്ടാരവക മററി	൨൩ ൽ പുതുപ്പുരക്കൽ പുരയിടത്തിൽ നിന്നും	൭൭൯॥	പുതുപ്പുരക്കൽ പുരയിടത്തിൽ ഈഴം കാളി ആതിച്ച കാളി കാളി	പട്ടയക്കാർ

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും ൧൦൬൭-ലെ ൩-ാം റെഗുലേഷൻ ൩-ാം വകുപ്പുപ്രകാരം

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. ഏറ്റുമാനൂർ പ്രവൃത്തിക്കച്ചേരി പണി വകക്കു ഏറ്റുമാനൂർ പ്രവൃത്തിയിൽ കിഴക്കുംഭാഗം കരയിൽ നടയ്ക്കൽ അവുസേപ്പു തൊമ്മായുടെ വസ്തുവിൽ നിന്നും ൧൭ ലക്ഷ്മീതാലെ അരമുക്കാൽ സെന്റ് പെരുക്കം സ്ഥലവും വൃക്ഷങ്ങളും എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. ആ വസ്തുവിന്മേലുള്ള എല്ലാ ബാദ്ധ്യസ്ഥന്മാരും ക്ലിപ്ത പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയോ കാര്യസ്ഥൻ മുഖാന്തിരമോ ൧൦൭൯-ാമാണ്ടു കുംഭമാസം ൧൮-ാംനു പകൽ ൧൧ മണിക്കു ഈ കച്ചേരി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

൩. ആ ബോധിപ്പിക്കയിൽ ഓരോരുത്തർക്കും ടി വസ്തുവിന്മേലുള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധ ബാദ്ധ്യതകൾക്കു വേണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റെ വിവരങ്ങളെയും പ്രതിഫല തുകയെയും വിവരിച്ചിരിക്കേണ്ടതാകുന്നു എന്നു

൧൦൭൯-ാമാണ്ടു മകരമാസം ൨൨-നു

ഒപ്പ്, ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ.

വസ്തു വിവരം.

നമ്പ്ര	വസ്തു സ്ഥിതിചെയ്യുന്ന സ്ഥലം	വസ്തുവിവരം: താലൂക്ക്	പ്രവൃത്തി	മുറി	ദേശം	ഇനം	നിലമോ പുരയിടമോ	എടുക്കുന്ന സ്ഥലത്തിന്റെ: വിസ്തീർണ്ണം	[illegible]	പൊതുക്കാരം	വൃക്ഷങ്ങളുടെയും മററും വിവരം	പട്ടയത്തിൽ പതിവുകാരന്റെ പേര്	അനുഭവക്കാരന്റെ പേര്	വിചാരണ ദിവസം
൧	ഏറ്റുമാനൂർ പ്രവൃത്തി കിഴക്കുംഭാഗം	ഏറ്റുമാനൂർ	ഏറ്റുമാനൂർ	കിഴക്കുംഭാഗം	൧൨	പണ്ടാരവക പാട്ടം	പുരയിടം	ഏകദേശം	ഏകദേശം ൨൭	൧	ഫലം തെങ്ങ് ൩ തൈ തെങ്ങ് ൨ ഫലം പ്ലാവ് ൨ തൈകപ്പമാവ് ൧൦ ഇലഞ്ഞിമൂട് ൨ മുരിങ്ങ ൧൧ ആഞ്ഞിലി ൧ കിണറ ൧	ഏറ്റുമാനൂർ പ്രവൃത്തിയിൽ കിഴക്കുംഭാഗം കരയിൽ നടയ്ക്കൽ ചാണ്ടി ചാണ്ടി	ഏറ്റുമാനൂർ പ്രവൃത്തിയിൽ കിഴക്കുംഭാഗം കരയിൽ നടയ്ക്കൽ അവുസേപ്പു തൊമ്മൻ	൧൦൭൯ കുംഭം ൧൮

Private Advertisement.

B

തീൎപ്പുവിചാരണക്കുള്ള സമൻസ്

സിവിൽ നടപടി നിയമത്തിന്റെ ൯൦ ൧൩ം ൦ വകുപ്പുകൾ

ചെൎത്തല മുൻസിപ്പുകൊട്ടിൽ ൧൦൯൯-ാമാണ്ടു സ്യൂട്ട് നമ്പ്ര ൧൧൧

വാദി ചെൎത്തല കിഴക്കുംമുറിയിൽ പടിക്കപ്പുറമ്പു വീട്ടിൽ നാരായണൻ നാരായണൻ

൧-ാം പ്രതി ടി മുറിയിൽ ചെറിയ മുരിയനാട്ടുവീട്ടിൽ നാരായണൻ പത്മനാഭൻ

മെല്പറഞ്ഞ പ്രതിക്കു
തന്റെ മെൽ വാദി

പണത്തിനായിക്കൊണ്ടു വ്യവഹാരം ബൊധിപ്പിച്ചിരിക്കയാൽ അതിന്നു ഉത്തരം ബൊധിപ്പിപ്പാനായി ൧൦൯൯-ാമാണ്ടു കുംഭമാസം ൧൩-ാം വെള്ളിയാഴ്ച പകൽ ൧൦ മണിക്കു ഈ കൊട്ടു മുമ്പാകെ താൻ തന്നെയൊ അല്ലെങ്കിൽ വ്യവഹാരത്തെ കുറിച്ചു ചൊദിക്കുന്ന സാരമായ എല്ലാ ചൊദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം വെണ്ടുന്ന അറിവു കൊടുക്കപ്പെട്ടയൊ അല്ലെങ്കിൽ ആ വക എല്ലാ ചൊദ്യങ്ങൾക്കും ഉത്തരം പറവാൻ ശെഷിയുള്ള മററു വല്ലവനെയും കൂടിയതന്നെയൊ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കൊട്ടുവക്കീൽ മുഖാന്തിരമൊ ഹാജരായിരിക്കുകയും വെണം. താൻ ഹാജരാകെണ്ടതിന്നു നിശ്ചയിച്ച ദിവസം വ്യവഹാരം തീൎപ്പുവിചാരണക്കു വച്ച ദിവസമാകകൊണ്ടു അന്നു തന്റെ എല്ലാ സാക്ഷികളെയും ഹാജരാക്കുവാൻ താൻ ഒരുങ്ങിയിരിക്കയും വെണം. മെല്പറഞ്ഞ ദിവസം താൻ ഹാജരാകാത്ത പക്ഷം തന്നെ കൂടാതെ വ്യവഹാരം വിചാരണ ചെയ്തു തീൎച്ചയാക്കുന്നതാകുന്നു തന്റെ എതൃവാദത്തിന്നനുകൂലമായി താൻ ഫയലാക്കുവാൻ വിചാരിക്കുന്ന എല്ലാ ആധാരവും അതുകൂടാതെ വാദി നൊക്കുവാൻ ആവശ്യപ്പെടുന്നതായ

വും താൻ കൊണ്ടുവരികയൊ തന്റെ വക്കീൽ മുഖാന്തരം കൊടുത്തയക്കുകയൊ ചെയ്കയും വെണം.

അറിയിപ്പു—1. തന്റെ സാക്ഷികൾ സ്വന്ത മനസ്സാലെ ഹാജരാകുന്നതല്ലെന്നു താൻ വിചാരിക്കുന്നു എങ്കിൽ യാതൊരു സാക്ഷിയെയും ഹാജരാക്കുന്നതിന്നും സാക്ഷിക്കാറനൊടു ഹാജരാകെണ്ടതിന്നു ആവശ്യപ്പെടുവാൻ തനിക്കു അവകാശമുള്ള യാതൊരാധാരവും ഹാജരാക്കിക്കെണ്ടതിന്നും ആയി വിചാരണക്കു മുമ്പെ എപ്പൊഴെങ്കിലും കൊട്ടിൽ അപെക്ഷിക്കയും അവൎക്കു ആവശ്യമുള്ള ഭക്ഷണച്ചിലവു കെട്ടിവെക്കയും ചെയ്യുന്നപക്ഷം അതിന്നായിട്ട സമൻസ്സും കൊട്ടിൽ നിന്നും തനിക്കു കിട്ടുന്നതാകുന്നു.

2. താൻ വാദിയുടെ അവകാശവാദം സമ്മതിക്കുന്നു എങ്കിൽ തന്റെ ദെഹത്തിന്മെലൊ മുതലിന്മെലൊ ആവശ്യമെങ്കിൽ രണ്ടിന്മെലും കൂടിയൊ ഉടനെ വിധി നടത്തുന്നതിന്നു ഇടവരുത്താതെ കഴിപ്പാൻ വെണ്ടി ആവലാധിപ്പെട്ട സംഖ്യയും കൊട്ടുചിലവും താൻ കൊട്ടിൽ കെട്ടിവെക്കെണ്ടതാകുന്നു.

൧൦൯൯-ാമാണ്ടു മകരമാസം ൧൧-ാം

ഉത്തരവുപ്രകാരം,
ഹെഡ് ഗുമസ്താ ശങ്കരപ്പിള്ള.

യാദാസ്തു:—കാൎയ്യവിവരപ്പത്രികകൾ ആവശ്യപ്പെടുന്ന പക്ഷം ചെൎക്കെണ്ടു താൻ അല്ലെങ്കിൽ (അവസ്ഥപൊലെ ഇന്ന കക്ഷി) കുംഭമാസം ൧൩-ാംക്കുള്ളിൽ തന്റെ കാൎയ്യം ഇന്നപ്രകാരമാണെന്നു കാണിക്കുന്ന ഒരു പത്രിക ഹാജരാക്കുകയും വെണം.

പരസ്യം
ആലപ്പുഴ മുൻസിപ്പ കോട്ടിൽ നിന്നും സിവിൽ നിയമം ൨൯ ാം
വകുപ്പുംപ്രകാരം പ്രസിദ്ധം ചെയ്യുന്നതു
൧൦൭൯ൽ സി നമ്പ്ര ൨൧൪
വാദികൾ

ആലപ്പുഴ മുറിയിൽ തിരുമലഭാഗത്തു ആലുങ്കൽ പറമ്പിൽ പാൎക്കും തിരുമലദേവസ്വം അധികാരി ഷണ്മുഖനായ നാഗേന്ദ്രഷെണായി, ൨. ടി ദേവസ്വം അധികാരി നന്ദാപറമ്പിൽ രാമപ്പൈ വെങ്കിടേശ്വരപ്പൈ.

പ്രതികൾ

൧ ടി മുറിയിൽ കൊന്നക്കാപ്പള്ളിൽ എന്നുകൂടി പേരുള്ള തിരുമലഭാഗത്തു കാട്ടക്കാരൻ പറമ്പിൽ ഗോവിന്ദപ്പിള്ള നാരായണപ്പിള്ള, ൨. ടി മുറിയിൽ തോട്ടത്തിൽ കറമ്പി വേലുപ്പിള്ളൈ, ൩. ടി മുറിയിൽ വാടപ്പുറമ്പിൽ വേലുപ്പുരുഷൻ, ൪. ടി മുറിയിൽ ക്ലാപ്പറമ്പിൽ ശിവൻ പട്ടി.

ആലപ്പുഴ തിരുമലദേവസ്വം വക ആലപ്പുഴ പ്രവൃത്തിയിൽ ടി മുറിയിൽ കടിയിരിപ്പു ൨൦൦൨൭ലക്കം കൊന്നക്കാപ്പള്ളി പുരയിടത്തിൽ കന്നിമൂല കോണിലുള്ള പുരയിടവും അതിലുള്ള കെട്ടിടങ്ങളും ദേവസ്വത്തിലേക്കായി ഒഴിപ്പിച്ചു കൊടുക്കണമെന്നും മറ്റും ദേവസ്വം അധികാരികളായ വാദികൾ ബോധിപ്പിച്ചിരിക്കുന്ന ഈ വ്യവഹാരത്തിൽ തൎക്കസ്ഥലം ആലപ്പുഴയുള്ള കൊങ്കണികൾക്കു എല്ലാം ഒന്നുപോലെ പൊതുവായുള്ള ആരാധനസ്ഥലം ആണെന്നും അവരെ എല്ലാവരെയും ഈ കേസ്സിൽ കക്ഷി ചേൎക്കണമെന്നും പ്രതികൾ തൎക്കിച്ചിരിക്കുന്നതിനാൽ ഈ വസ്തുവിന്മേലും കെട്ടിടങ്ങളിന്മേലും അവകാശമുള്ള ആളുകൾ മീനമാസം ൨൩-ക്കകം ഈ കോട്ടിൽ ഹാജരായി കക്ഷി ചേരാൻ അപേക്ഷിച്ചുകൊള്ളേണ്ടതാകുന്നു. എന്നു
൧൦൭൯ൽ മകരം ൨൪-

ഉത്തരവിൻപ്രകാരം ഹെഡ ഗുമസ്താ
പരമേശ്വരൻപിള്ള.

കോട്ടയം സബ്ബരജിസ്ത്രാർ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

നാട്ടകംപ്രവൃത്തിയിൽ കൊല്ലനാടുകരയിൽ ചന്തിരത്തിൽ ഇട്ടിവറുഗീസു തന്റെ സ്വത്തുക്കളെ മക്കളായ വറുഗീസു ഇട്ടിവറുഗീസു അവുസേപ്പു ഇവൎക്കു അവകാശപ്പെടുത്തിയും മറ്റും ൧൦൭൯ൽമാണ്ടു കന്നിമാസം ൨൩-നു എഴുതിവച്ചതായ ഒരു ഉയിൽപത്രം രജിസ്റ്റർചെയ്തു കൊടുക്കണമെന്നും ഉയിൽപത്രകൎത്താ മരിച്ചുപോയിരിക്കുന്നു എന്നും ബോധിപ്പിച്ചു ഇട്ടിവറുഗീസിന്റെ രണ്ടാമത്തെ മകനായ വറുഗീസുഅവുസേപ്പു ഈ കഴിഞ്ഞ ധനുമാസം ൨൯-നു ഈ കച്ചേരിയിൽ ഹാജരാക്കിയിരിക്കുന്നു ഈ ഉയിൽപത്രത്തെ സംബന്ധിച്ചു ൧൦൭൦ലെ രജിസ്ത്രേഷൻ റിഗുലേഷൻ ൩൧ ം ൩൪ ം വകുപ്പുകളിലെയും അതിനെ തുടൎന്നു ഉണ്ടായിട്ടുള്ള ൧൦൭൪ലെ ൫ ാം ൨൦ാം വകുപ്പിലെയും താല്പൎയ്യപ്രകാരമുള്ള വിചാരണകൾ നടത്തുന്നതിലേക്കായി ഈ വരുന്ന കുംഭമാസം ൧൪-നു അവധി നിശ്ചയിച്ചിരിക്കുന്നു പ്രസ്തുത ഉയിൽപത്രം രജിസ്റ്റർ ചെയ്യുന്നതിൽ വല്ലവൎക്കും വല്ല തൎക്കവും ഉള്ളപക്ഷം അവർ വിചാരണദിവസം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.
൧൦൭൯ൽമാണ്ടു മകരമാസം ൧൭-നു

സബ്ബരജിസ്ത്രാർ പി. വി. നാണപിള്ള.

ഹരിപ്പാട്ട മുൻസിപ്പ കോട്ടിൽ നിന്നും ൧൦൭൯ൽ സി നമ്പ്ര ൭൧൪
വാദികൾ

ഹരിപ്പാട്ട സമൂഹത്തിൽ കിഴി വെങ്കിടാചലം ഗണപതി അയ്യൻ ൨. ടിയിൽ പട്ടോല വെങ്കിടസുബ്ബൈൻ സീതാരാമയ്യൻ

പ്രതി

കുമാരപുരം താമല്ലാക്കൽ മുറിയിൽ കാനപ്പറമ്പു വീട്ടിൽ കൃഷ്ണൻ നാരായണൻ
സിവിൽ നിയമം ൨൯ ാം വകുപ്പു പ്രകാരം പ്രസിദ്ധം ചെയ്യുന്നതു

ടി നമ്പരിൽ പ്രതി ഹരിപ്പാട്ട സമൂഹത്തിലേക്കു എഴുതി കൊടുത്തിട്ടുള്ള കടപ്പത്രത്തിൻപ്രകാരം വാദികൾ അന്യായം ബോധിപ്പിച്ചിരിക്കകൊണ്ടു ഇതിനെ സംബന്ധിച്ചു ടി സമൂഹത്തിൽ ഉൾപ്പെട്ട ആൎക്കെങ്കിലും വല്ല തൎക്കങ്ങളും ഉണ്ടായിരുന്നാൽ ആയതു ഈ വരുന്ന കുംഭം ൨൦-നു-ക്കകം ഈ കോട്ടിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാതെയിരുന്നാൽ വാദികൾ ഈ വ്യവഹാരം നടത്തുന്നതിനു ഉത്തരവു കൊടുക്കുന്നതും ആകുന്നു.

൧൦൭൯ൽമാണ്ടു മകരമാസം ൨൭-നു

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ കൃഷ്ണപിള്ള.

ഹരിപ്പാട്ട മുൻസിപ്പു കൊട്ടിൽ നിന്നും ൧൦൯൯൯ൻ സി നമ്പ്ര ൭൧൧

വാദികൾ

ഹരിപ്പാട്ട സമൂഹത്തിൽ കിഴി വെങ്കിടാചലം ഗണപതി അയ്യൻ ൨. ടിയിൽ പട്ടോല വെങ്കിടസുബ്ബൻ സീതാരാമയ്യൻ.

പ്രതി

ഹരിപ്പാട്ട ചെറുതന തെക്കുംമുറിയിൽ കൊച്ചുവീട്ടിൽ നാരായണൻ ഗൊവിന്ദൻ

സിവിൽ നിയമം ൨൩ാം വകുപ്പുംപ്രകാരം പ്രസിദ്ധം ചെയ്യുന്നതു

ടി നമ്പരിൽ പ്രതി ഹരിപ്പാട്ട സമൂഹത്തിലെക്കു എഴുതി കൊടുക്കപ്പെട്ട പണയാധാരപ്രകാരം വാദികൾ അന്യായം ബൊധിപ്പിച്ചിരിക്കകൊണ്ടു ഇതെ സംബന്ധിച്ചു ടി സമൂഹത്തിൽ ഉൾപ്പെട്ട ആക്കെങ്കിലും വല്ല തക്കവും ഉണ്ടായിരുന്നാൽ ആയതു ഒരം വരുന്ന കുംഭം ൨൭൩-ക്കകം ഒരം കൊട്ടിൽ ഹാജരായി ബൊധിപ്പിക്കെണ്ടതും അപ്രകാരം ചെയ്യാതെയിരുന്നാൽ വാദികൾ ഒരം വ്യവഹാരം നടത്തുന്നതിനു ഉത്തരവു കൊടുക്കുന്നതും ആകുന്നു.

൧൦൯൯൯ൻാമാണ്ടു മകരമാസം ൨൭ന്നു- ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ കൃഷ്ണപിള്ള.

ഹരിപ്പാട്ട മുൻസിപ്പു കൊട്ടിൽ നിന്നും ൧൦൯൯൯ൻാമാണ്ടു സി നമ്പ്ര ൭൨൧

വാദികൾ

ഹരിപ്പാട്ട സമൂഹത്തിൽ കിഴി വെങ്കിടാചലം ഗണപതിഅയ്യൻ ൨. ടിയിൽ പട്ടോല വെങ്കിടസുബ്ബൻ സീതാരാമയ്യൻ

പ്രതി

ഹരിപ്പാട്ട ആയാംപറമ്പു മുറിയിൽ കൊല്ലുള്ളി വീട്ടിൽ ഈച്ചി പാൎവ്വതി

സിവിൽ നിയമം ൨൩ാം വകുപ്പുംപ്രകാരം പ്രസിദ്ധം ചെയ്യുന്നതു

ടി നമ്പരിൽ പ്രതി ഹരിപ്പാട്ട സമൂഹത്തിലെക്കു എഴുതി കൊടുക്കപ്പെട്ട പണയാധാരപ്രകാരം വാദികൾ അന്യായം ബൊധിപ്പിച്ചിരിക്കകൊണ്ടു ഇതെസംബന്ധിച്ചു ടി സമൂഹത്തിൽ ഉൾപ്പെട്ട ആക്കെങ്കിലും വല്ല തക്കവും ഉണ്ടായിരുന്നാൽ ആയതു ഒരം വരുന്ന കുംഭം ൧൨൩-ക്കകം ഒരം കൊട്ടിൽ ഹാജരായി ബൊധിപ്പിക്കെണ്ടതും അപ്രകാരം ചെയ്യാതെയിരുന്നാൽ വാദികൾ ഒരം വ്യവഹാരം നടത്തുന്നതിനു ഉത്തരവു കൊടുക്കുന്നതും ആകുന്നു.

൧൦൯൯൯ാമാണ്ടു മകരമാസം ൨൭ന്നു- ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ കൃഷ്ണപിള്ള.

നൊട്ടീസ്

സിവിൽ നിയമത്തിൻെറ ൨൩ാം വകുപ്പു.

നെയ്യാററുങ്കര മുൻസിഫ് കൊട്ടിൽ ൧൦൯൯൯ൻാമാണ്ടു അദാലം ൪൩൨ാം നമ്പ്ര

വാദികൾ

൧. നെയ്യാററുങ്കര കൃഷ്ണപുരം ഗ്രാമജനങ്ങളിലും ടി ഗ്രാമദ്വാദശിധമ്മം വക കൈകാൎയ്യകൎത്തൃത്വക്കാരിലും ഒരാളായ ടി ഗ്രാമത്തിൽ കളത്തുരയ്യൻ അനന്തനാരായണയ്യൻ

൨. ടി ഗ്രാമജനങ്ങളിലും കൈകാൎയ്യകൎത്തൃത്വക്കാരിലും ഒരാളായ രാമകൃഷ്ണയ്യൻ കൃഷ്ണയ്യൻ.

൩. ടി ഗ്രാമജനങ്ങളിലും കൈകാൎയ്യകൎത്തൃത്വക്കാരിലും ഒരാളായ ടി ഗ്രാമത്തിൽ രാമകൃഷ്ണയ്യൻ മഹാദെവയ്യൻ

൪. ടി ഗ്രാമജനങ്ങളിലും കൈകാൎയ്യകൎത്തൃത്വക്കാരിലും ഒരാളായ വെങ്കിടാദ്രി വാദ്ധ്യാർ കൃഷ്ണവാദ്ധ്യാർ

൫. ടിയിൽ കൃഷ്ണയ്യൻ ശങ്കരനാരായണയ്യൻ

പ്രതികൾ

൧. നെയ്യാററുങ്കര അധികാരത്തിൽ തിരുവിറത്തൂർ ദെശത്തു പൈങ്ങാവിളാകത്തു വീട്ടിൽ നാരായണൻ അരത്തൻ

൨. ടി വീട്ടിൽ നാരായണൻ വെലായുധൻ എന്ന അരത്തൻ വെലായുധൻ

൩. ടി വീട്ടിൽ അരത്തൻ നാരായണൻ

൪. ടി വീട്ടിൽ അരത്തൻ കെശവൻ

ടി നമ്പരിൽ സംഗതിക്കു നെയ്യാററുങ്കര കൃഷ്ണപുരം ഗ്രാമദ്വാദശിധമ്മം വകക്കു പ്രതികളുടെ പക്കൽ നിന്നും രജിസ്റ്റർ അടവു കച്ചീട്ടുംപടി ന്യായൎന്ന ഗുക്കാലെ ആരസ്സാൽ പണം ഒരംടാകാറാള്ളതു ടി ഗ്രാമദ്വാദശിധമ്മം വകക്കു ഒരംടാകി കിട്ടണമെന്ന വാദികൾ ഒരം നമ്പ്ര വ്യവഹാരംകൊണ്ടു വന്നിട്ടുള്ളതിനെപ്പററി ടി നെയ്യാററുങ്കര കൃഷ്ണപുരം ഗ്രാമജനങ്ങളിൽ ആക്കെങ്കിലും ആക്ഷെപം ഉണ്ടെങ്കിൽ ൧൦൯൯൯ാമാണ്ടു മീനമാസം ൨൩-ഒരം കൊട്ടിൽ ഹാജരായി കക്ഷി ചെൎന്നുകൊള്ളെണ്ടതാകുന്നു.

൧൦൯൯൯ൻാമാണ്ടു മകരമാസം ൨൮ന്നു-

മുൻസിഫ് ജി. ശങ്കരപ്പിള്ള.

പരസ്യം.

വെള്ളിവിലനാട്ട എന്ന തറവാട്ടപെരുള്ള പിറവം പ്രവൃത്തിയിൽ പാഴൂർ കരയിൽ പട്ടൊടം പാഴൂരില്ലത്തു കത്തിരൻ സുബ്രഹ്മണ്യൻ നംപൂരിപ്പാടും കത്തിരൻ കത്തിരൻ നംപൂരിപ്പാടും കത്തിരൻ ശങ്കരൻ നംപൂരിപ്പാടും സുബ്രഹ്മണ്യൻ നാരായണൻ നംപൂരിപ്പാടും കത്തിരൻ നാരായണൻ നംപൂരിപ്പാടും കത്തിരൻ സുബ്രഹ്മണ്യൻ നംപൂരിപ്പാടും കൂടി സകലമാനപെരും അറിവാനായി പ്രസിദ്ധപെടുത്തുന്നതു എന്തെന്നാൽ

ടി കുഡുംബത്തിലെക്കു നെരിടുന്ന ദൊഷപരിഹാരത്തിന്നായും മെലാലുള്ള അഭിവൃദ്ധിയെ രക്ഷിക്കുന്നതിനായും ഞങ്ങളെല്ലാപെരുംകൂടി ചെയ്ത നിശ്ചയങ്ങളാവിതു ൧ നമ്മളുടെ വക കൊച്ചി തിരുവിതാംകൂർ ൨൦ രണ്ടു സംസ്ഥാനങ്ങളിൽ ഉള്ള സ്ഥാവരജംഗമ സ്വത്തുക്കളെപ്പററി ഇപ്പൊൾ ഉള്ള നിലയിൽ നിന്നും വല്ല ഭെദഗതിയും ചെയ്യെണ്ടതായിവന്നാൽ ആയതിന്നും ൨ ഇണങ്ങൾക്കു ആവശ്യപ്പെട്ടാൽ ആയതിന്നും കുഡുംബസഹിതം ഒപ്പെട്ടതെണ്ടതാകുന്നു. അതാതുകാലത്തു വയസ്സുമൂപ്പായ ആൾ ബ്രഹ്മസ്വം ദെവസ്വംവകയായ എല്ലാ എഴുത്തുകുത്തുകളും ചെയ്യെണ്ടതും അങ്ങനെയുള്ള രെഖകളെ എല്ലാം കുഡുംബമെംബറന്മാരിൽ രൊൾകൂടി സാക്ഷികരിച്ചു അടയാളപ്പെടുത്തി ഇരിക്കെണ്ടതും ആകുന്നു. ൩ എല്ലാ രെഖകളെയും അടയാളപ്പെടുത്തുന്നവരായ മെംബറന്മാരും കാരണവനുംകൂടി ആണ്ടടക്കമുള്ള മുതൽ ചിലവുകളുടെ കണക്കു തയ്യാറാക്കിച്ചു മറവൎഷം കന്നിമാസം ൩൦൹ക്കകം ശെഷം മെംബറന്മാരെ ബൊദ്ധ്യപ്പെടുത്തെണ്ടതും അതിനെ കുഡുംബ മെംബറന്മാരിൽ ഭൂരിപക്ഷക്കാർ സമ്മതിച്ചിരിക്കെണ്ടതും ആകുന്നു ൪. പ്രസ്താവ നിശ്ചയങ്ങൾ എല്ലാം എന്നെക്കും നിലനിൽക്കുന്നതും ഇതിന്നു വിപരീതമായി ചെയ്യുന്ന യാതൊരു പ്രവൃത്തികളും സാധുവായിവരുന്നതല്ലാത്തതും ആകുന്നു ൫ം നിശ്ചയപത്രത്തെയൊ ഇതിൽ വല്ല ഭാഗത്തെയൊ ഭെദപ്പെടുത്തുകയൊ അസ്ഥിരപ്പെടുത്തുകയൊ ചെയ്യെണ്ടതായിവന്നാൽ ഇതിൽ ചെൎന്നിട്ടുള്ളവരൊ സമ്മതിച്ചിട്ടുള്ളവരൊ ആയ എല്ലാ ആളുകളും ചെൎന്നുള്ള ഒരു രജിസ്തർ ഉടമ്പടിമൂലമല്ലാതെ ഭെദഗതിയൊ അസ്ഥിരമൊ സംഭവിക്കുന്നതല്ലാത്തതും ആകുന്നു മെൽപ്പറഞ്ഞ വ്യവസ്ഥകളൊടുകൂടി ൧൦൭൯-ാമാണ്ടു തുലാമാസം ൧൬൹ നിശ്ചയപത്രം എഴുതി കൂത്താട്ടുകുളം സബ്ബ രജിസ്ത്രാർ ആഫിസിൽ ൧൧൦ാം നമ്പരായി രജിസ്തരാക്കിയിരിക്കകൊണ്ടു ൟ വിവരം സകലമാനപെരും അറിഞ്ഞിരിക്കെണ്ടതും ൟ നിശ്ചയങ്ങൾക്കു വിപരീതമായി ഉള്ള യാതൊരു പ്രവൃത്തിയും തറവാട്ടിലെക്കു ബാധകമല്ലാത്തതും ആകുന്നു.

൧൦൭൯-ാമാണ്ടു ധനുമാസം ൧൮൹

കത്തിരൻ സുബ്രഹ്മണ്യൻ നംപൂരിപ്പാട (ഒപ്പു)
കത്തിരൻ കത്തിരൻ നംപൂരിപ്പാട (ഒപ്പു)
കത്തിരൻ ശങ്കരൻ നംപൂരിപ്പാട (ഒപ്പു)
സുബ്രഹ്മണ്യൻ നാരായണൻ നംപൂരിപ്പാട (ഒപ്പു)
കത്തിരൻ നാരായണൻ നംപൂരിപ്പാട (ഒപ്പു)
കത്തിരൻ സുബ്രഹ്മണ്യൻ നംപൂരിപ്പാട (ഒപ്പു)

പരസ്യം.

കൊല്ലം താലൂക്കിൽ പെരുനാട്ട ഇടവട്ടത്തുചെരിയിൽ നെല്ലിസ്ഥാനത്തു കമ്മാൾ കണ്ണാക്കിൽ കിഴക്കു വിക്രമൻ ബാലരാമൻ പരസ്യം ചെയ്യുന്നതു.

എന്റെ വിക്രമൻ ബാലരാമൻ എന്ന പെരിനെയും അതനുസരിച്ചു ഇംഗ്ലീഷിൽ ഇട്ടുവന്ന ഒപ്പിനെയും ഹജൂർ അനുവാദപ്രകാരം ഭെദപ്പെടുത്തി വിക്രമൻ രാഘവനുണ്ണിത്താൻ എന്ന പേർ ഉപയൊഗിച്ചും അതനുസരിച്ചു ഇംഗ്ലീഷിൽ ഒപ്പിട്ടും തുടങ്ങിയിരിക്കുന്നതിനാൽ വിവരം എല്ലാപെരെയും തെര്യപ്പെടുത്തിയിരിക്കുന്നു.

൧൦൭൯-ാമാണ്ടു മകരമാസം ൪൹ വിക്രമൻ രാഘവനുണ്ണിത്താൻ (ഒപ്പു)

ചങ്ങനാശ്ശെരി സബ്ബ രജിസ്ത്രാർ കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

